ലിറ്റിൽകൈറ്റ്സ്





ഗവഹൈസ്കൂൾ മുന്നാട്

# ലിറ്റിൽ കൈറ്റ്സ്

# കാശാവ് പാഠം

**- ഡിജിറ്റൽ മാഗസിൻ -**

ഗവൺമെന്റ് ഹൈസ്കൂൾ മുന്നാട്
പി ഒ മുന്നാട്, ചെങ്കള വഴി
കാസറഗോഡ്
671541



C

## പിന്നണിയിൽ ...

**ഉപദേശക സമിതി അംഗങ്ങൾ**

ശ്രീ പി ശ്രീധരൻ നായർ, ഹെഡ്മാസ്റ്റർ

ശ്രീമതി രജനി പി വി, കൈറ്റ് മിസ്ട്രസ് & എസ് ഐ ടി സി

**സ്റ്റാഫ് എഡിറ്റർ**

ശ്രീ ബി വേണുഗോപാലൻ, കൈറ്റ് മാസ്റ്റർ

**സ്റ്റുഡന്റ് എഡിറ്റർ**

എം വൈശാഖ്

**എഡിറ്റോറിയൽ ബോർഡ്**

ശ്രീരാജ്.ടി
അനൂപ്
വിഷ്ണുദത്ത്
വിഷ്ണുദേവ്
വൈഷ്ണവ്



# മുഖമൊഴി



മൂന്നാട് സർക്കാർവിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബി ന്റെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കണം എന്ന് പറഞ്ഞപ്പോൾ വളരെ സന്തോഷത്തോടെയാണ് ഞങ്ങൾ അത് ഏറ്റെടുത്തത്. ശതാവരിക്കുന്നിന് മുകളിലുള്ള വിശേഷങ്ങൾ പുറംലോകരെ അറിയിക്കാനുള്ള അവസരം ...

എത്രത്തോളം നന്നായി എന്നറിയില്ല ... ഈ എളിയതുടക്കത്തിന് സൃഷ്ടികൾ തന്ന് സഹകരിച്ച അധ്യാപകർ, സഹപാഠികൾ, ... എല്ലാവരോടുമുള്ള കടപ്പാട് സ്നേഹപൂർവ്വം ഓർമ്മിക്കുന്നു.

നിങ്ങളുടെ സ്വന്തം

വൈശാഖ്

G H S MUNNAD



## സന്ദേശം

കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നേതൃത്വം നൽകുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഈ വിദ്യാലയത്തിലെ യൂണിറ്റ് ഇതാദ്യമായി ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്. കുട്ടികളിലെ നൈസർഗീകമായ കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്ന ഈ സംരംഭം കാലത്തേയും ദേശത്തേയും സർഗാത്മകമായി രേഖപ്പെടുത്താൻ ഉതകുന്നതാകട്ടെ എന്നാശംസിക്കുന്നു. വിജയാശംസകൾ

സ്നേഹപൂർവ്വം

മുന്നാട്
20.01.2020

പി ശ്രീധരൻ നായർ
പ്രഥമാധ്യാപകൻ


ഗവൺമെന്റ് ഹൈസ്കൂൾ മുന്നാട്
പി ഒ മുന്നാട്, വഴി ചെങ്കള, കാസറഗോഡ്
ഫോൺ : 04994206565
ഇ മെയിൽ : 11073munnad@gmail.com

G H S MUNNAD



# സന്ദേശം

മുന്നാട് ഗവൺമെന്റ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളിലെ നൈസർഗീകമായ കഴിവുകൾ വളർത്താൻ ഉതകുന്നൊരു മാധ്യമമാകട്ടെയെന്നും കാലത്തേയും ദേശത്തേയും ഹൈടെക്ക് സാങ്കേതിക വിദ്യയിലൂടെ ഒപ്പിയെടുത്ത സമ്പന്നമായ സൃഷ്ടിയായി വരും തലമുറയ്ക്ക് വഴി കാട്ടട്ടെയെന്നും ആശംസിക്കുന്നു.

സ്നേഹപൂർവ്വം

മുന്നാട്
20.01.2020

ഇ കൃഷ്ണൻ
പ്രസിഡന്റ്


അധ്യാപക രക്ഷാകർതൃ സമിതി
ഗവൺമെന്റ് ഹൈസ്കൂൾ മുന്നാട്
പി ഒ മുന്നാട്, വഴി ചെങ്കള, കാസറഗോഡ്
ഫോൺ : 04994206565
ഇ മെയിൽ : 11073munnad@gmail.com

# ഉള്ളടക്കം


| ക്രമ നമ്പർ | സൃഷ്ടികൾ | സാഹിത്യ വിഭാഗം | രചയിതാവ് | പേജ് |
|---|---|---|---|---|
| 1 | Mother's Hug | Poem | Girijakumari K | 1 |
| 2 | സ്നേഹത്തിലെ ഇണ പിരിയാത്ത സൗഹൃദം | കഥ | ശിവന്യമോൾ എം സി | 2 – 3 |
| 3 | നവകേരള നിർമിതി | ലേഖനം | ശ്രീജിത്ത് കെ | 4 – 6 |
| 4 | ഊർജകാര്യശേഷിയുള്ള കേരളത്തിന്റെ പുനർനിർമാണം | ലേഖനം | നിരഞ്ജനാ ബാലകൃഷ്ണൻ | 7 – 9 |
| 5 | ഓർമകളിലൂടെ | അനുഭവക്കുറിപ്പ് | ആര്യ കെ | 10 – 13 |
| 6 | എങ്കിലും നിന്നെ ഞാൻർ വിളിപ്പൂ | കവിത | ഹരിത ടി കെ | 14 – 16 |
| 7 | പ്രളയ പാഠങ്ങൾ | ലേഖനം | -- | 17 – 18 |
| 8 | ഭൂമിയുടെ വിളികൾ | കവിത | നന്ദു കൃഷ്ണൻ | 19 – 20 |
| 9 | ഭാരതീയന്റെ ഹൃദയഭാഷ | ലേഖനം | ഇ വി ആനന്ദകൃഷ്ണൻ | 21 – 23 |
| 10 | മധു എന്ന നാടക നടൻ | ജീവചരിത്രം | -- | 24 – 27 |
| 11 | ബേഡകത്തിന്റെ ളുലിക | ജീവചരിത്രം | -- | 28– 32 |
| 12 | ബന്തടുക്കയുടെ മുത്ത് | ജീവചരിത്രം | -- | 33 – 36 |
| 13 | പി വി സുകുമാരൻ എന്ന ഭൗമശാസ്ത്രജ്ഞൻ | ജീവചരിത്രം | -- | 37 – 39 |
| 14 | ഭൂമിയുടെ വിളകൾ | കവിത | ഷാഹിദ | 40 – 41 |
| 15 | ഓർമകൾ അയവിറക്കാൻ | ഫോട്ടോ | -- | 42 |
| 16 | കാഴ്ചപ്പാടിന്റെ വരകൾ | ഫോട്ടോ | -- | 42 – 45 |
| 17 | ഗുരുനാഥയോടൊപ്പം | ഫോട്ടോ | -- | 45 |

POEM

# MOTHER’S HUG

**GIRIJAKUMARI K**
**GHS MUNNAD**



She was sleeping peacefully
As if in mother’s lap
Where can be sop safe
In the entire universe?
She was walking in the valleys
Hanging in mother’s hand
Talking to birds and flies
Touching up the grass and plants
She put pebbles in the water,
Clapped her hands with joy,
Seeing the waves she made
Everything was sound and cheerful
A smile blossomed in her face
But lasted for only a few moments
Everything came upside down
The world around changed for her
She heard roaring sounds around
Now remembers what happened all the night
Waiting for no more rises
No prince to come and help
Oh, mom receive me in your hands, she cried
Not to live with torn up mind and body.
Please hug me with love
Which you can only do, I know.

കഥ

ശിവന്യ മോൾ എം സി
ഒമ്പത് എ

# സ്നേഹത്തിലെ ഇണപിരിയാത്ത സൗഹൃദം



ഒരു വലിയ ഗ്രാമം അവിടത്തെ ഏറ്റവും ധനികന്റെ മകനായ രാമുവും ഏറ്റവും പാവപ്പെട്ട വിട്ടിലെ ശങ്കരനും വലിയ സുഹൃത്തുക്കളായിരുന്നു. എന്നാൽ അവരുടെ സൗഹൃദം രാമുവിന്റെ അച്ഛനായ ഗോപാലന് ഇഷ്ടമല്ലായിരുന്നു. അവരുടെ സൗഹൃദം കുട്ടിക്കാലത്ത് പൂവിട്ടതാണ് ഇപ്പോൾ അത് വളർന്ന് ഒരു നല്ല പൂവിനെപ്പോലെയായി. അങ്ങനെയിരിക്കെ ഒരു ദിവസം ഇവരുടെ സൗഹൃദം ഇഷ്ടമല്ലായിരുന്ന ഗോപാലിന് ഒരു ബദ്ധിയുദിച്ചു. എന്തെന്നാൽ ഈ നാട്ടിൽ നിന്നും മറ്റൊരു നാട്ടിലേക്ക് പോകാൻ. എന്നാൽ തന്നെ ഇത് രാമുവും ശങ്കരനും അറിഞ്ഞതേയില്ല. പതിവു പോലെ രാവിലെ തന്നെ എഴുന്നേറ്റപ്പോൾ ഗോപാലനും അയാളുടെ ഭാര്യയും തമ്മിൽ പോകുന്ന കാര്യത്തെ പറ്റി ചർച്ചചെയ്യുന്നത് രാമുകേട്ടു. അയാൾ നേരം വെളുക്കുന്നതിനു മുൻമ്പെ നാട് വിടാൻ തിരുമാനിച്ചു. ആ നേരത്ത് രാമു ശങ്കരനായി ഒരു കത്ത് തന്റെ പറവയുടെ കയ്യിൽ കൊടുത്തു വിട്ടു. കാര്യം അറിഞ്ഞ ശങ്കരന് സങ്കടം സഹിക്കാനായില്ല. പാവപ്പെട്ട വിട്ടിലെ കുട്ടിയായിരുന്നിട്ടും കൂടി ശങ്കരൻ നന്നായി പഠിക്കുമായിരുന്നു. അങ്ങനെ അന്ന്യനാട്ടിലെത്തിയ രാമുവിന് വലിയ സങ്കടമായി. എന്നാലും അയാൾ ദിവസംതോറും ശങ്കരന് കത്ത് അയച്ചുകൊണ്ടേയിരുന്നു.ഗോപാലന് വലിയ സന്തോഷമായി തന്റെ മകൻ ശങ്കരന്റെ അടുക്കൽ നിന്നും ഒത്തിരി ദൂരെയാണ് അവനെ എന്ത് കാര്യത്താലും തന്റെ മകനെ കാണാൻ പറ്റില്ല എന്ന്.

അങ്ങനെയിരിക്കെ ഒരു ദിവസം രാമുവിന് ഒരു രോഗം പിടിപ്പെട്ടു. എല്ലാ ആശുപത്രിയിലും കാണിച്ചു. പക്ഷ ഒരു പ്രയോജനവും ഇല്ലായി രുന്നു. അങ്ങനെ മറൊരു ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ ഡോക്ടർ പറഞ്ഞു "നിങ്ങളുടെ

മകന്റെ മനസ്സിനെ ഏതോ വലിയ സങ്കടം അലട്ടുന്നുണ്ട്". അവന് ഏറ്റവും പ്രിയപ്പെട്ട ആരയോ അവന് കാണാനും

സംസാരിക്കാനും ആഗ്രഹിക്കുന്നുണ്ട് ചിലപ്പോൾ അയാൾക്ക് താങ്കളുടെ മകനെ രക്ഷിക്കാൻ കഴിഞ്ഞേക്കും. അങ്ങനെ തന്റെ അപരാതത്തിൽ സങ്കടപ്പെട്ടുകൊണ്ട് ഗോപാലൻ രാമുവിനെയും ആ മുൻപത്തെ നാട്ടിലേക്ക് പോയി. അവിടെയെത്തിയതും രാമുവിന്റെ മുഖത്ത് ഒരു പ്രകാശം ഗോപാലന് കാണാൻ കഴിഞ്ഞു. അങ്ങനെ ശങ്കരനും രാമുവിന്റെ അടുക്കലെത്തി. കളിച്ചു നടന്ന പാടവും പറമ്പും പിന്നെ തേനീച്ചയുടെ കൂട്ടിന് നേരെ കല്ലിട്ട് തേനീച്ചകുത്തിയതും ഒക്കെ രാമുവിനെ ഓർമിപ്പിച്ചു. അങ്ങനെ അവൻ പഴയ അവസ്ഥയിലേക്ക് തന്നെ തിരിച്ച് വരുകയും ചെയ്തു. അങ്ങനെ അവരുടെ സൗഹൃദം ഒരു സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായി ഗ്രാമ വാസികൾ വാഴ്ത്തുകയും ചെയ്തു.

ഗുണപാഠം

സ്നേഹം സത്യമാണെങ്കിൽ അതിനെ നശിപ്പിക്കാൻ ആർക്കും കഴില്ല. സൗഹൃദം എന്നത് എല്ലാ വേദനയും ദുഃഖങ്ങളും അകറ്റാനുള്ള ഒരു മരുന്നായിരിക്കണം

*******

**ലേഖനം**

**SREEJITH K**
**GHS MUNNAD**

# नवकेरलनिर्मिति:

ईश्वरस्य स्वकीया भूमि: इति विख्यात: राज्य: भवति केरलम् |उन्नत शिरस्कै: केरवृक्षै: कदलीवनै: व्रीहिक्षेत्रै: गिरिभि: च सम्पन्ना भवति अस्माकं केरलदेश: | प्रकृते: लास्यभावेन नानाभि: कलाभि: आचारविशेषै: आराधनासम्प्रदायै: च पुष्टा भवति अस्य देशस्य सम्सकृति: |




किन्तु अधुना विविधै: आमयै: प्रकृतिदुरन्तै: च कष्टतां अनुभूयते देशोयम् | गतवर्षे अस्मिन् वर्षे च समुद्भूत: भीषण: जलोपप्लव: जनानां जीवनं अस्तव्यस्तं दुस्सहं चाकरोत् | सहस्त्राधिकं प्राणा: दुरन्तेस्मिन् विनष्टा: | नैका: प्रदेशा: नाशोन्मुखा: संजाता: | गतवर्षे दाक्षिणात्या: वर्षेस्मिन् उदीचीनाश्च केरलीया: प्रलयस्य तीव्रतां अनुभूतवन्त: | वयनाट् जनपदे मेप्पाटी मलप्पुरं जनपदे कवलप्पारा च मृत्पाषाणादीनां व्यतिपातेन अक्षरार्थे तिरोभूतवन्तौ | कासरगोड् कन्नूर् कुछ्कुटक्रोटादिस्थ जनपदेषु तु नदीनां अतिप्रवाहेन जनजीवनं दुरितपूर्णं जातम् |

दुरन्तस्यास्य हेतुभूता अतिवृष्टिरेव | अनया पारिस्थतिकसमस्यया आहत्य विंशत्यधिकशतमितानां जनानां जीवा: विनष्टा: लक्षाधिकजना: प्रत्यक्षेण ततोप्यधिकं परोक्षेण च बाधिता: | सम्पूर्णे केरले उद्घाटिता: आश्वासशिबिरा: अत्र प्रमाणम् | अस्माकं सैन्यानां विविदानां विदेशराज्यानां जनसङ्घानां च स्तुत्यर्हसेवनेन दुरन्तस्यास्य काठिन्यं न्यूनीकर्तुं वयं शक्तवन्त: |

एवं विधा: प्रकृतिदुरन्ता: नितरां आकस्मिकं इति वक्तुं न शक्यते | प्रकृते: उपरि मानवानां अधिनिवेशस्य आक्रमणस्य च स्वाभाविकप्रतिकरणमेव प्रकृतिदुरन्ता: | वननशीकरणं अशास्त्रीयरीत्या भवनानां बहुशालानां निर्माणं च दुरन्तस्यास्य रूक्षताया: प्रत्यक्षकारणं भवति| तथापि तेषां मूलभूतं जनसंख्या विस्फोटनमेव |

मानवानां वासाय गृहनिर्माणमवश्यमेव परन्तु गिरिप्रदेशान् केदारभूमि: नदी: च अतिक्रम्य अशास्त्रीयरीत्या तेषां निर्माणं दुरन्ताय भविष्यतीति सत्यमेव |इत: परं वयं कुत्र गच्छाम: इति चिन्तनीयम् | प्रणष्टानां जीवानां सम्पदां कालाम्शानां पुनराप्ति: असाध्या चेदपि आगामि कालेपि एतादृशानि दुरन्तानि भविष्यन्तीति सम्भाव्य तेषामतिजीवनाय आसूत्रणं शास्त्रीयपठनं चानिवार्यम् |

गतं गतं सर्वमुपेक्षणीयं |

आयातमायातमपेक्षणीयम् ||

अस्मिन् सन्तर्भे नवकेरलनिर्मिति: इति विषयस्य प्रसक्ति: आयाति |नवं नाम नूतनमेव | नूतनकेरलनिर्मिति: नूतनरित्या एव करणीया | परिस्थिति चूषनं विना जीवनं साध्यमिति सर्वानप्यवबोधने अस्माकमेकैकानामपि उत्तरदायित्यमस्त्रयेव | काले काले भूकम्पं अतिवृष्टि: अनावृष्टि: इत्यादीनां विपदां भीषणीं उल्लङ्घ्य एव नुतनकेरलस्य सृष्टि: करनणीया |

वासार्थं भवनसमुच्चयादिनां परिवहनसुविधार्थं सेतूनां राज्यमार्गाणां च पुनर्निर्मिति: आवश्यमेव | किन्तु केवलं एतयो: निर्माणेन नवकेरलनिर्मिति: सम्पन्ना

भविष्यतीति वक्तुं न शक्यते | अत्र अस्माकं सर्वेषां चिन्तां मनोगतिं च पुनर्निर्मातुं वयं सन्नद्धा: भवितव्या: |

मितव्ययेन शास्त्रीयरीत्या च आटम्बरमुपेक्ष्य भवननिर्माणं कार्यम् | तत्र प्रकृतिविभवानामपि मितव्यय: पालनिय: | विकसितेषु विदेशराज्येषु प्रचलितां आधुनिक साङ्केतिकसुविधामपि योजयित्वा निर्मिति: क्रियते चेत् तत् श्रेष्ठतरं भविष्यतीति न संशय: |एवं चेत् जातिवर्गादि द्रुवीकरणं परित्यज्य अस्माकं ऐक्येन नवकेरलनिर्मिति: नवभारतनिर्मिति: नवलोकनिर्मिति: च सुसाध्यमेवेति बाढम् |

प्रकृतिविभवा: नियता: न्यूनीभवन्ति च प्रत्युत जनानां सङ्ख्या अनियता वर्धते च | एतत् द्वयो: स्पर्धा एव सर्वेषां दुरन्ताणां निदानभूता इति मनसि विधाय वयं ऐक्येन मैत्री भावेन च पुरोगन्तुं प्रयताम: |अस्मिन् सन्तर्भे स्मरणीयमिदं वेदमन्त्रं यत्

संगच्छध्वं संवदध्वं संवो मनांसि जानताम् |
देवा भागं यथा पूर्वे सञ्जानाना उपासते ||

**ലേഖനം**

നിരഞ്ജനാ ബാലകൃഷ്ണൻ
ഒമ്പത് ബി

# ഊർജകാര്യശേഷിയുള്ള കേരളത്തിന്റെ പുനർനിർമാണം



ഊർജസംരക്ഷണം അത് നമ്മുടെ കടമയും കർത്തവ്യവുമാണ്. പ്രവൃത്തി ചെയ്യാനുള്ള കഴിവിനെയാണ് ഊർജം എന്നുപറയുന്നത്. ഒരു രാജ്യത്തിന്റെ ഉൽപാദനവും, സാമ്പത്തിക വളർച്ചയും അതിന്റെ വ്യവസായവളർച്ചയെ ആശ്രയിച്ചിരിക്കുന്നു. ഈവളർച്ചയെ വ്യവസായ വിപ്ലവത്തിനു മുൻപുള്ള കാലമെന്നും അതിനു ശേഷമുള്ള കാലമെന്നും വേർതിരിക്കുന്നു.വൈദ്യുതി ഉൽപാദനവും പ്രസരണവും വ്യവസായ രംഗത്തിന്റെ മുഖഛായതന്നെ മാറ്റിമറിക്കുന്നുണ്ട്. ഊർജമില്ലെങ്കിൽ യന്ത്രങ്ങളെല്ലാം നിശ്ചലം. ഊർജമെന്നാൽ വൈദ്യുതി എന്നാണർത്ഥം. കേരളത്തിലെന്നതുപോലെ എല്ലായിടത്തും ഊർജസ്രോതസുകൾ ഉണ്ട്. പെട്രോൾ, ഡീസൽ, കൽക്കരി എന്നിവ മനുഷ്യന് ഉപകാരപ്രഥമാണ്. എന്നാൽ അതിന് ദൂഷ്യ വശങ്ങളുമുണ്ട്. ഒരുതരത്തിൽ മനുഷ്യന്

ഉപകാരമാണെങ്കിൽ മറ്റൊരുതരത്തിൽ അത് മനുഷ്യന് ദോഷമാണ്. വർഷങ്ങോളമായുള്ള നിരന്തരകഠിനപ്രയത്ന ഫലമായാണ് ഓരോ ഊർജവും ഉണ്ടാകുന്നത്. കോടിക്കണക്കിന് വർഷങ്ങൾക്ക് മുൻപ് സൃഷ്ടിക്കപ്പെട്ടതാണ് ഓരോ ഊർജ ്രൂപങ്ങളും.സൗരോർജം,തിരമാല,ഭൗമപാപോർജം,ജൈവാപശിഷ്ടങ്ങളിൽ നിന്ന് ബയോ ഗ്യാസ് പോലുള്ള ചെടികളിൽ നിന്നിുണ്ടാ കുന്ന ബയോഡീലസൽ എന്നീ വിവിത സ്രോതസുകളായിരിക്കും നളത്തെ ഇന്ദനങ്ങൾ. പെട്രോൾ,

ഡീസൽ, കൽക്കരി, പ്രകൃതിവാതകങ്ങൾ എന്നിവയ്ക്ക് ഇക്കാലത്ത് വളരെ പ്രാതാന്യമുണ്ട്. പലരാജ്യങ്ങളിലും ഇന്ദനക്ഷാമം നേരിടാറുണ്ട്.ഇന്ത്യയിലും ക്ഷാമം നേരിടാറുണ്ട്. നമ്മുടെ കേരളത്തിന് ഇപ്പോൾ പ്രതാനമായും വേണ്ട ഒരു പ്രതാന ഘടകമാണ് ഊർജം.സൗരോർജം ഉപയോഗിച്ച് പല ഉപകരണങ്ങളും ഉണ്ടാക്കി ഊർജം ലഭ്യമാക്കാം.സോളാർ പാനലുകൾ,സോളാർ ഉപകരണങ്ങൾഎന്നിവയെല്ലാം കൊണ്ട് നമുക്ക് ഉപയോഗിക്കാവുന്ന ഏറ്റവും ചെലവ് കുറഞ്ഞ ഊർജമായിരിക്കും സൗരോർജം.നാം നിത്യേന ഒട്ടനവധി രൂപങ്ങളിൽഊർജം ഉപയോഗിക്കാറുണ്ട്. വിറക് കത്തിക്കുമ്പോൾ,ലൈറ്റ് പ്രകാശിക്കുമ്പോൾ,തുണി ഉണങ്ങാനിടുമ്പോൾ അങ്ങനെ അങ്ങനെ ഒട്ടേറെ.വൈദ്യുതി വെറുതെ നാം പാഴാക്കിക്കളയാറുണ്ട്. സൗരോർജം നാം വെറുതെ പാഴക്കിക്കളയാറുണ്ട്.നിരവതി സന്ദർഭങ്ങളിൽ ഊർജം പാഴാക്കാറുണ്ട്.



പെട്രോൾ,ഡീസൽ മുതലായ ഇന്ധനങ്ങൾ മനുഷ്യന് ഉപകാരമാണ് എങ്കിലും ഒരുപാട് സന്ദർഭങ്ങളിൽ അവ മനുഷ്യന് ദോഷമാകുന്നു. പെട്രോൾ, ഡീസൽ എന്നിവ വാഹനങ്ങളിലാണ് അധികമായി ഉപയോഗിക്കുന്നത്. വാഹനങ്ങൾ ശബ്ദമലിനീകരണം,വായുമലിനീകരണം അങ്ങനെയങ്ങനെ ഒട്ടേറെ പ്രശ്നങ്ങൾക്ക് കാരണമാകുന്നു..പക്ഷെ ഇവയെ പൂർണമായി ഒഴിവാക്കിയുള്ള ജീവിതം നമുക്ക് ചിന്തിക്കാനാവില്ല.യന്ത്രങ്ങളിൽ ഊർജമില്ലാതെ അത് ചലിക്കുക പോലുമില്ല.യന്ത്രങ്ങളില്ലാതെ നമുക്ക് നിത്യജീവിതത്തിലെ പല കാര്യങ്ങളും ഇന്ന് ചെയ്യാൻ സാധിക്കില്ല. ഇന്ധനങ്ങളിൽ നിന്നുള്ള പുകകൾ കേരളത്തെ ആകെ നിറഞ്ഞിരിക്കുകയാണ്.ഇന്ധനങ്ങൾ തീരെ ഒഴിവാക്കുക സാധ്യമല്ല.ഉപഭോഗം കുറച്ചുകൊണ്ടുവരിക.നമുക്ക് കഴിയുന്നതിന്റെ പരമാവധി ഇന്ധനങ്ങൾ പ്രകൃതിക്ക് ദോഷകരമാകാത്തക്ക വിധത്തിൽ ഉപയോഗിക്കാൻ ശ്രമിക്കുക. ബയോഗ്യാസ്, ബയോ ഇന്ധനങ്ങൾ ശീലമാക്കുക.

ഡിസംബർ 14 ആണ് ലോക ഊർജോൽപാദന ദിനമായി ആചരിക്കുന്നത്. നിത്യ ജീവിതത്തിൽ നാം താപോർജങ്ങൾ ഉപയോഗിക്കാറുണ്ട്.വിറക് കത്തിച്ച് വെള്ളം ചൂടാക്കുമ്പോൾ,ഭക്ഷണം പാകം ചെയ്യുമ്പോൾ അങ്ങനെ അങ്ങനെ ഒട്ടേറെ

സന്ദർഭങ്ങളിൽ. ഇതിൽ എല്ലാം താപോർജം ആണ് ഉപയോഗിക്കുന്നത്.പിന്നെ വൈദ്യുതോർജം,അത്യാവശ്യം ലൈറ്റും ഫാനും ഒക്കെ നാം വെറുതെ

ഉപയോഗിക്കാറണ്ടല്ലോ. വീട്ടിൽ നിന്നും ഒരു യാത്ര പോകുമ്പോൾ ദൂരയാത്രയ്ക്ക് പോകുമ്പോൾ അറിയാതെയാണെങ്കിലും ചെയ്തുപോകുന്ന ഒരു വലിയ തെറ്റാണ്

ഫാനും ലൈറ്റും ഓഫ് ചെയ്യാതിരിക്കുന്നത്.ഇതു മൂലം ഒരുപാട് വൈദ്യുതി പാഴാകാറുണ്ട്.പിന്നെ രാത്രി കാലങ്ങളിൽ ഫാൻ ഓൺ ചെയ്ത് രാവിലെ ഓഫ് ചെയ്യാൻ മറക്കുക എന്നിവയെല്ലാം വൈദ്യുതി പാഴാകുന്ന സന്ദർഭങ്ങളാണ്.




വൈദ്യുതി അമൂല്യമാണ് അത് പാഴാക്കരുത്.അതു പോലെ തന്നെ വിലപ്പെട്ടതുമാണ്.ആണവ ഇന്ധനങ്ങളും,താപോർജവും,സൗരോർജവും കൊണ്ടും വൈദ്യുതോർജം കൊണ്ടും ഊർജം സംരക്ഷിക്കാം. കേരളത്തെ ഊർജകാര്യ ശേക്ഷിയുള്ളതാക്കാൻ സൈക്കിൾ,സോളാർ എന്നിവ ഉപയോഗിക്കുകയും വേണം.സൈക്കിൾ ഉപയോഗിക്കുന്നതിലൂടെ ഇന്ധനങ്ങൾ ലാഭിക്കാം.മാത്രമല്ല സൈക്കിൾ എറ്റവും നല്ല വ്യായാമവുമാണ്. സൈക്കിൾ ഉപയോഗിക്കുന്നതിലൂടെ പേശീക്ഷമത വർധിക്കുന്നു.ഇന്ധനങ്ങൾ ലാഭിക്കുന്നതിന് ഒരു പ്രധാന ഘടകമാണ് സൈക്കിൾ. ഇത്തിൽ ചുരുക്കപ്പെടാൻ കഴിയുന്ന ഊർജസ്രോതസുകൾ വ്യാപകമാക്കുന്നതും പ്രചരിപ്പിക്കുന്നതും ഊർജ സംരക്ഷണത്തോടൊപ്പം നടത്തിവരുന്ന പ്രവർത്തനമാണ്. അതിനാൽ നമുക്ക് ഊർജം സംരക്ഷിക്കാനുള്ള പ്രനർത്തനങ്ങൾ ചെയ്യാം.വരും തലമുറയ്ക്കുവേണ്ടി നമുക്ക് ഊർജം സംരക്ഷിക്കാം.

**********

**അനുഭവക്കുറിപ്പ്**

ആര്യ കെ
പത്ത് എ

# ഓർമ്മകളിലൂടെ

ഞാൻ ആദ്യമായിട്ടായിരുന്നു അന്ന് അഭിനയിച്ചത്. ഈ അഭിനയം ഒരു കഥയെ അടിസ്ഥാനമാക്കി അല്ലായിരുന്നു. ലോകസഭയെ അഭിമുഖീകരിച്ചായിരുന്നു.എന്റെ റോൾ ലോകസഭ സ്പീക്കർ ആയിരുന്നു. ഞാൻ ഇന്നു മോർക്കുന്നു, വേണമാഷ് സ്പീക്കർ ആരാകുമെന്ന് ചോദിച്ചപ്പോൾ കൈയുയർത്തിയില്ലായിരുന്നുവെങ്കിൽ.. ഓരോ ദിവസവും പ്രാക്ടിസ് കഴിയുമ്പോൾ എന്നെ നന്നായി എന്നു പറയുമായിരുന്നു. ഇല്ലെങ്കിൽ എന്തെങ്കിലും തെറ്റ് വന്നോ എന്ന് ഞാൻ ചോദിക്കുമായിരുന്നു.നമ്മെക്കുറിച്ച് നല്ലതുപറയുമ്പോഴും അഭിനന്ദിക്കുമ്പോഴും എന്തെന്നില്ലാത്തൊരനുഭവം നമ്മിലുണ്ടാകുന്നില്ലേ. അത് ആ ദിനങ്ങളിൽ ഞാനും അനുഭവിച്ചു. ഞാൻ പറയുന്നതെല്ലാം കേട്ട് ,സ്പീക്കറുടെ സ്ഥാനം നൽകി , അഭിപ്രായം പറഞ്ഞ വ്യക്തി ആയിരുന്നു മുൻ ഹെഡ് മാസ്റ്റർ ശ്രീ ടോംസൺ മാസ്റ്റർ. ആ വാക്കുകൾ ഇന്നും ഓർക്കുന്നു." നീ അവിടെ നിന്ന് സംസാരിക്കുമ്പോൾ സ്പീക്കറെ തന്നെയാണ് കാണുന്നത്. ഭാവിയിലെ സ്പീക്കറാകാൻ നിനക്ക് കഴിയും". ഇത് എന്റെ മനസ്സിൽ സ്നേഹവും കുളിർമയും നിറച്ച പ്രശംസയായായിരുന്നു.

ജില്ലാതലത്തിൽ മത്സരം സ്കൂളിൽ വച്ച് തന്നെ ആയിരുന്നു. ജഡ്ജസ് വിലയിരുത്തലിനായി സ്കൂളിലേക്ക് വന്നതായിരുന്നു. ആദ്യം എനിക്ക് ജഡ്ജസിനെ കണ്ടപ്പോൾ ഉള്ളിലൊരു ഭയം തോന്നി. അവതരണത്തിലെ ആദ്യ അഞ്ചു മിനിറ്റ് ഭയം എന്റെ കൂടെ തന്നെ ഇരിപ്പുണ്ടായിരുന്നു. പിന്നെ സ്പീക്കറിലേക്ക് മുഴകും തോറും ഭയം എന്ന വികാരം ആത്മ വിശ്വാസത്തിലേക്ക് അലിഞ്ഞുചേർന്നു. എല്ലാവരും നന്നായി അവതരിപ്പിച്ചു. ജഡ്ജസ് കുറച്ച് അവതരണത്തിലുള്ളതും സ്ക്രിപ്റ്റിലുള്ളതുമായ തെറ്റുകൾ ചൂണ്ടിക്കാണിച്ചതന്നു ,തുടർന്ന് എല്ലാവരെയും അഭിനന്ദിക്കുകയും പുകഴ്ത്തിപറയുകയും ചെയ്തു.

എല്ലാവരേക്കാളും ഒരുപടി കൂടുതൽ എന്നെ അഭിനന്ദിച്ച പറഞ്ഞു (സ്പീക്കറായതുകൊണ്ട്). ഇപ്പോഴാണ് നമ്മുടെ പ്രയത്നത്തിന്റെ വിലയറിയുന്നത്. പിറ്റേന്ന് മുതലുള്ള എല്ലാദിവസവും കണക്കുപിരീഡ് വേണുമാഷിനോട് ചോദിക്കുമായിരുന്നു"നമ്മുടെ പർലമെന്റ് എന്തായെന്ന്"ഒന്നും വന്നില്ല എന്ന

മറുപടി മാഷ് സ്ഥിരമായിപറയുമായിരുന്നു. റിസൾട്ട് വളരെ വൈകിയായിരുന്നു അറിഞ്ഞത്. "നമുക്ക് കിട്ടി"എന്ന വേണു മാഷിന്റെ വാക്ക് കേട്ടപ്പോൾ മൗണ്ട് $k_2$ കീഴടക്കിയ അനുഭൂതിയായയാരുന്നു എനിക്ക്. ഇനിയുള്ളത് മൗണ്ട് എവറസ്റ്റായിരുന്നു. അതിനുള്ള തയ്യാറെടുപ്പുകൾ വേഗത്തിലായിരുന്നു. ദിവസങ്ങൾ വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്ക്രിപ്റ്റിൽ ചെറിയ മാറ്റം വരുത്തി കഥാപാത്രം തന്നെ ഉൾക്കൊള്ളാനുള്ള തയ്യാറെടുപ്പായിരുന്നു അത്. പക്ഷെ ആ സമയത്തായിരുന്നു പത്താം ക്ലാസിന്റെ വിനോദയാത്ര. കൊടയ്ക്കനാൽ ഭാഗത്തായിരുന്നു യാത്ര.




യൂത്ത്പാർലമെന്റ് മത്സരത്തിനുള്ള ഭൂരിഭാഗം ആൾക്കാരും വിനോദയാത്രയിലുണ്ടായിരുന്നു. പോകുമ്പോൾ തന്നെ വേണുമഷ് പറഞ്ഞിരുന്നു ഡയലോഗ് എഴുതിയ കടലാസ്എല്ലാവരുംഎടുത്തോ എന്ന്. യാത്രാ സമയങ്ങളിൽ ഹരിതയും നന്ദനയും പഠിക്കുന്നത് ഞാൻ കേട്ടു. ഏറ്റവും കൂടുതൽ അത് അറിഞ്ഞത് യാത്രയിലെ അവസാന ദിനത്തിലായിരുന്നു. എല്ലാവരും മനപ്പാഠമായി പറഞ്ഞു പഠിക്കുന്നുണ്ടായിരുന്നു.എനിക്ക് നോക്കി വായിച്ചാൽ മതിയായിരുന്നു. ഞാൻ ആ അഹങ്കാരത്തിൽ ബസ്സിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്ന് ചിരിക്കുമായിരുന്നു.

വിനോദയാത്ര കഴിഞ്ഞെത്തിയ ദിവസം തന്നെയായിരുന്നു സംസ്ഥാന തലത്തിലുള്ള അവതരണം നടത്തേണ്ടിയിരുന്നത്. അതുകൊണ്ട് വളരെ

പേടിയുണ്ടായിരുന്നു വീട്ടിൽ രാവിലെ പത്തുമണിക്ക് എത്തി. പത്തുമുപ്പതിന് സാരിയുടുത്ത് സ്കൂളിലേക്ക്. ഒരുതവണ പ്രാക്ടീസ് നടത്താമെന്ന് വിചാരിച്ച് തുടങ്ങി പ്രസിഡണ്ടിന്റെ പ്രസംഗസമയത്ത് ജഡ്ജസ് വന്നു. ഒരാൾ കേരള നിയമസഭ മുൻ സെക്രട്ടറി ജനറൽ ആയിരുന്നു.മറ്റൊരാൾ എല്ലാ വർഷവും ജഡ്ജ്മെന്റിന് പോകുന്ന ആളുമായിരുന്നു.അവർ കയറിവന്നത് നേരെ ഹാളിലേക്കായിരുന്നു.അതുകൊണ്ട് പ്രാക്ടീസ് ഒന്നും ചെയ്യാതെ തുടങ്ങാൻ പറഞ്ഞു. ആദ്യം പ്രസിഡണ്ടിന്റെ പ്രസംഗം പത്ത് മിനുട്ട് ഉണ്ടായിരുന്നു. ഇത്

കുറച്ചു കൂടെ നീണ്ടിരുന്നെങ്കിൽ ഞാൻ ക്ഷീണം കൊണ്ടുറങ്ങിയേനെ. കണ്ണുകൾ പലപ്പോഴും അടക്കുകയും തുറക്കുകയും ചെയ്തിരുന്നു. ഉറങ്ങാതിരിക്കാനുള്ള

ഒരടവായിരുന്നു അത്. എന്റെ സംസാരം ആരംഭിക്കുമ്പോൾ തന്നെ കൂടെ വിറയുണ്ടായിരുന്നു, ഭയം കൃത്യസമയത്തെത്തിയിരുന്നു.അവിടെയും അഞ്ച്മിനുട്ട് മാത്രമേ ഭയത്തിന് പിടിച്ച് നിൽക്കാൻ കഴിഞ്ഞിരുന്നുള്ളൂ.പിന്നെ സമയം പോകുന്തോറും വിഷയത്തിലേക്ക് മുഴുകി ഇഷ്ടപ്പെട്ടവതരിപ്പിച്ചു. മേഘന ആ ഒന്നേക്കാൽ മണിക്കൂർ സെക്രട്ടറി ജനറലായി പിടിച്ചുനിന്നത് എങ്ങനെയാണെന്ന് ചിന്തിക്കാൻ പോലും കഴിയുന്നില്ല. അവതരണം കഴിഞ്ഞപ്പോൾ ജഡ്ജസ് എന്നെ പുകഴ്ത്തിപ്പറഞ്ഞിരുന്നു.അതിൽ ഞാൻ വീഴുകയും ചെയ്തു.പക്ഷെ എനിക്ക് എന്നേക്കാൾ ഇഷ്ടപ്പെട്ടത് ആര്യശ്രീയുടെ പ്രസംഗമായിരുന്നു.അവളെയും ജഡ്ജസ് വാനോളം പുകഴ്ത്തി.ഞാനും ആര്യശ്രീയും ജഡ്ജസിനോട് സംസാരിക്കുകയും,അവർ ഞങ്ങളെ അഭിനന്ദിക്കുകയും നമ്മെക്കുറിച്ച് കൂടുതൽ ചോദിക്കുകയും ചെയ്തു .ജഡ്ജസിന് ഞങ്ങളുടെ പ്രകടനം ഇഷ്ടപ്പെട്ടുവെന്ന് തോന്നി അവരുടെ പെരുമാറ്റത്തിൽനിന്ന്.



ആ ദിവസം എല്ലാ അധ്യാപകരും എന്നെ വിളിച്ച് അഭിനന്ദിക്കുകയും ചെയ്തു.സന്തോഷ വാക്കുകൾ പറഞ്ഞു.ഇപ്പോഴും എന്നെ കാണുമ്പോൾ പലരും സ്പീക്കർ എങ്ങനെ ഉണ്ട്?,എങ്ങനെ പോകുന്നു? എന്നൊക്കെ ചോദിക്കും. ആ ഒരു അഭിസംബോധനയിൽ തന്നെ എന്തെന്നില്ലാതൊരു സന്തോഷവും, ആത്മവിശ്വാസവും, എന്നെ തലോടുന്നു.

*******

**കവിത**

ഹരിത ടി കെ
പത്ത് ബി

# എങ്കിലും നിന്നെ ഞാൻ വിളിപ്പൂ ...



നിലാവിൽ കുളിച്ചെത്തുന്ന വാർമതിയുടെ സൗരഭ്യം
നീഥിനിയിൽ പരക്കുന്നു മന്ദം മന്ദം
താഴെതൊടിയിൽ എത്തിനോക്കുന്ന തുമ്പപ്പൂവും
താഴ്മയോടെ അപേക്ഷിക്കുന്നു ഭൂമി തൻ അത്തയെ.
കിഴക്കുദിക്കിൽ സിന്ദൂരം പൂശിയെത്തുന്ന
ആദിത്യൻ നുകരുന്ന പ്രഭാതവേളയിൽ
പല്ലവസമ്പരദ്ധലതകൾ തൻ ആനന്ദ നടനം
കാത്തിരിക്കുകയാണ് പ്രക്രുതിശോഭയിൽ
കാറ്റുവീണ ജന്മജന്മാന്തരങ്ങലറളേ
അകലെനിന്നൊരു കാലൊച്ച കേൾക്കുമ്പോൾ
നോക്കെത്താദൂരത്തേക്കു നോക്കിടുന്ന മാനവർ
സാദരം ക്ഷണിച്ചിടുന്നൂ ഭൂമി നമ്മെ,
വിരഹത്തിൻ ലാവണ്യമായ് ക്ഷണിച്ചിടുന്നു നമ്മെ
അതിഥി ദേവോ ഭവ:പാടിടുന്ന ഭൂമിതൻ കാല്പാചുകൾ
ആദരമായ് കഴുത്തിലണിയുന്നു മാനവർ.
ആയിരമായിരം കാലൊച്ചകൾ കേട്ടഹ്ലാദിച്ചു തിമിർത്ത
ഭൂമിതൻ മാതാവ് ആദരമായ് ക്ഷണിച്ചു നമ്മെ.

കാടും പുഴകളും, മലകളും പലഹാരമയ് തന്നപ്പോൾ
മതിമറന്നാഹ്ലാദിച്ചു മനുഷ്യജന്മങ്ങൾ.
സസ്യലതാദികൾ ആദരപൂർവ്വം വരവേറ്റ നമ്മെ,
സാഗരസാക്ഷികൾ ആഹ്ലാദിപ്പിച്ചു നമ്മെ,
ഭൂമിയിൽ പിറന്നു വീണ കരങ്ങൾ
ഭോഗങ്ങൾ തേടി ചഞ്ചലമായി
ഭൂമിയുടെ മുലപ്പാൽ കുടിച്ചുതീർത്ത ബാല്യവും
മനുഷ്യൻ വിസ്മരിപ്പൂ.
അമ്മതൻ മടിയിൽ ഉല്ലാസഭരിതയായ്ത്തീർന്ന
ശൈശവവും കടന്നു മനുഷ്യഭീതികൾ.
ഒടുവിൽ കൗമാരതീക്ഷ്ണതയിൽ പ്രവേശിച്ചപ്പോൾ
അമ്മതൻ മുലപ്പാൽ ഗന്ധം വിസ്പരിപ്പൂ മാനവർ.
കാടും,മലയും,പുഴയും ആയ തോഴികളെ
കാട്ടരുവിയിൽ ഉപേക്ഷിച്ചു.കൊതിപൂണ്ട മവനുപൂണ്ട മനുഷ്യജന്മങ്ങൾ
പിച്ചവച്ചു നടത്തിച്ചതും ഭൂമി.



ജീവിതാനുഭവങ്ങൾ നൽകിയതും അമ്മ.
അഹംഭാവം പൂണ്ടു മനുഷ്യകരങ്ങൾ
അതികാരിയായ് വാഴുന്നു ഇവിടം.
കാക്കയും കിളികളും കാഷ്ഠിച്ച് പൂജിച്ച്
വേനലും വർഷവും തലോടിച്ചു നോവിച്ചു
ഗതിതേടിയെപ്പോഴോ,പിറന്ന ആത്മാവിന്റെ
നോക്കുകുത്തികൾ പതിക്കുന്നു ഇവിടം.
ഒടുവിൽ കൗമാരം മനുഷ്യനിൽ നിറഞ്ഞുതുള്ളിയപ്പോൾ
മനുഷാകാരം പൂണ്ടു ചവിട്ടിമെതിച്ചു പ്രക്രുതിയെ
കൂരിരുട്ടിലേക്കാണ് പോകുന്നതു നീ എന്നു-
കേലപേക്ഷിച്ചു പറഞ്ഞപ്പോഴും മനുഷ്യൻ
ചെവികൊടുത്തില്ല.അമ്മതൻ നാദസ്വരങ്ങളെ.
ലഹരിയാക്കുന്ന മണ്ണാന്തിയെന്ത്രങ്ങൾ
ലഹളയായ് മനുഷ്യജന്മത്തിൽ.

കാശാവ് പാഠം

**യൗവനം പിന്നിട്ടപ്പോളവർ**

**അമ്മതൻ നാദസ്വരങ്ങളെ വിസ്മരിച്ചു.**

**ഫാക്ടറികൾ,മാളുകൾ കെട്ടിപ്പൊങ്ങി ഭൂമിയുടെ മടിയിൽ.**

**മന്ദം മന്ദം മരണത്തിന് കീഴടങ്ങുമ്പോൾ,**

**മനുഷ്യനും പ്രാമേറെയായിരിക്കുന്നു.**

**വാർധക്യ സഹജമായ് ദാഹജലത്തിനു കേഴുന്ന മാനവർ**

**അറിയുന്നു പ്രകൃതിതൻ നന്മയെ.**

**ഭൂമിയുടെ രക്ഷകൻ മഴയന്ന് പെയ്തുകൊടുത്തില്ല.**

**ഒടുവിൽ ആകാശത്തിലെ മേഘങ്ങളെ നോക്കി**

**തന്റെ ആഗ്രഹം സഫലമാക്കി**

**ചചറ്റുകൊടുട്ടയായ് കഴിയുമ്പോഴും,**

**അവൾ വേതനാർഹമായ്**

**മനുഷ്യനെ ക്ഷണിച്ചിട്ടുന്നു.**

**തന്റെ പാദ്പമൂതികളിൽ**

**നിന്നുണരുവാൻ വേണ്ടി**

**ആർത്തിപൂണ്ട സകലതും**

**മണ്ണിനടിയിലാക്കിയപ്പോഴും**



**ഭൂമി വിളിച്ചു തൻ കിടാങ്ങളെ...**

**നിലനിൽപ്പിനുവേണ്ടി പരക്കം പായവെ,**

**കാലിടറി വീണു മനുഷ്യകരങ്ങൾ.**

**എങ്കിലും,നരവംശമഹിമ പുലർത്തി**

**മനുഷ്യൻ കടന്നു കീറിപ്പറിഞ്ഞ തുണിപ്പൊതികൾ**

**അപ്പോഴും അവർ സൽക്കരിച്ചു മനുഷ്യനെ**

**തന്റെ ജീവൻ ബലിയായ് സമർപ്പിച്ചു മനുഷ്യന്.**

***********

**കാശാവ് പാഠം**

ലേഖനം

# പ്രളയ പാഠങ്ങൾ



പരിസ്ഥിതി സംരക്ഷണം എന്ന വാക്ക് ഇപ്പോൾ ഏറ്റവും കൂടുതൽ കേൾക്കുന്ന ഒന്നാണ്. അതിന്റെ പ്രാധാന്യവും ആവശ്യകതയും പറഞ്ഞ് അറിയിക്കേണ്ടതോ മറ്റൊരാളിൽ നിന്ന് മനസ്സിലാക്കേണ്ടതോ അല്ല ,
അത് നമ്മുടെ ഒരോരുത്തരുടെയും ഉള്ളിൽ തോന്നേണ്ടതാണ്. പരിസ്ഥിതി ഏറ്റവും കൂടുതൽ ചകഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ഇപ്പോൾ ജിവിക്കുന്നത്. പരിസ്ഥിതി നാശത്തിന്റെ ദോഷങ്ങളും അതിന്റെ പ്രത്യാഘതങ്ങളും നമ്മോൾ ഇപ്പോൾ അനുഭവിച്ച്കൊണ്ടിരിക്കുകയാണ് അതിന്

ഏറ്റവും ഉത്തമമാണ് ഉദാഹരണമാണ് കഴിഞ്ഞരണ്ടു വർഷവും നമ്മുടെ കേരളക്കാരാകെ മുങ്ങിപ്പോയ കൊടും പ്രളയം. ഈ പ്രളയ കാലങ്ങളിലാണ് നാം ഏറ്റവും കുടുതൽ പ്രകൃതിയുടെ രൗദ്രഭാവം എന്തെന്ന്
കണ്ടറിഞ്ഞത്. പരിസ്ഥിതിയോട് നാം കാണിക്കുന്ന ഓരോ നീജ പ്രവർത്തിയുടെയും ഫലമാണ് ഇങ്ങനെ നമ്മൾ അനുഭവിക്കുന്ന ഓരോ പ്രളയവും. മനുഷ്യന്റെ മനുഷ്യത്വമില്ലാത്ത ഇതുപോലുള്ള ഓരോ പ്രവർത്തിയും തടയേണ്ടതാണ്. എത്ര അനുഭവിച്ചാലും അതിൽ നിന്ന് മനസ്സിലാക്കാത്ത ഈ മനുഷ്യന്റെ ദുഷ്ട സഹജായമായ സ്വഭാവത്തിനെതിരെ ആണ് ആദ്യം പ്രതികരിക്കേണ്ടത്. പുഴകളും തോടുകഴും ഒഴുകുന്ന



വഴികൾ നമ്മൾ തടഞ്ഞു വെച്ചാൽഅവ അതിലൂടെയാണ് ഒഴുകുക. അപ്പോഴാണ്പുഴകളും തൊടുകളൊമെല്ലാം കരകവിഞ്ഞും മറ്റ വഴികളിലൂടെയെല്ലാം ഒഴുകുന്നത്.പരിസ്ഥിതി സംരക്ഷണം അനിവാര്യമായ ഈ കാലഘട്ടത്തിലും വയലുകളും കുളങ്ങളും നികത്തി അവിടെ കൂറ്റൻ

കെട്ടിടങ്ങളും, വാണിജ്യ സമുച്ചയങ്ങളും പണിയുന്നത്. ഇനി ഒരു പ്രളയത്തേക്കൂടി അതിജീവിക്കാനുള്ള നമ്മുടെ കേരള ജനതയ്ക്ക് ഉണ്ടോ എന്നറിയില്ല. കേരളത്തിൽ മാത്രമല്ല നമ്മുടെ അയൽസംസ്ഥാനങ്ങളിലും പ്രളയക്കെടുതി അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പ്രളയപാഠങ്ങൾ ഉൾക്കൊണ്ട്കൊണ്ട് പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതിന് തയ്യാറാവാതെ തുടർന്ന്കൊണ്ടിരിക്കുന്ന പരിസ്ഥിതിനാശപ്രവർത്തനങ്ങൾക്കെതിരെയും പ്രകൃതി ചൂഷണങ്ങൾക്കെതിരെയും ശബ്ദമുയരേണ്ടതുണ്ട്. മനുഷ്യന്മാർ വീണ്ടും ആ കാടന്മാരുടെ സ്വഭാവത്തിലേക്ക് പോവുകയാണ്. ഈ സ്ഥിതി ഇനി നീണ്ടുപോയാൽ നമ്മുടെ പ്രകൃതിയുടെ ആയുസ്സിനി അധികമില്ല. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ഘോരാ ഘോര പ്രസംഗിക്കുന്നവർ അതിനുവേണ്ടി മുന്നിട്ടിറങ്ങിയാൽ ഇന്നത്തെ ഈ സ്ഥിതിക്ക് അൽപ്പമെങ്കിലും പരിഹാരം ഉണ്ടാകും.

"കരസ്ഥരത്തിൻക്കുരു പാലിലിട്ടാൽ കാലാന്തരേ കയ്പ്പ് ശമിപ്പതുണ്ടോ"

എന്ന അവസ്ഥയാണ് മനുഷ്യരുടേത്. എത്ര തന്നെ അനുഭവിച്ചാലും തന്റെ സ്വഭാവത്തിന് ഒരു മാറ്റവുമുണ്ടാവില്ല എന്ന സ്വാർത്ഥാ ബുദ്ധിയാണ് മനുഷ്യരുടേത്. അതിനൊരന്ത്യം വരുത്താതെ ഈ പരിസ്ഥിതി സംരക്ഷണം സാധ്യമല്ല. നഗരവൽക്കരണമാണ് ഇതിന്റെ പ്രധാന കാരണം. നഗരം നരഗവും മനുഷ്യർ അസുരറുമായ കാലമാണിത്,



അതുകൊണ്ടുതന്നെയാണ് ഈ പരിസ്ഥിതി സംരക്ഷണം എന്ന ആശയം എവിടെയും നടപ്പിലാകാത്തത്. പരിസ്ഥിതിപ്രവർത്തനങ്ങൾക്ക് മുന്നിട്ടിങ്ങുന്നവർ തന്റെ സ്വന്തം വീട്ടുപറമ്പിലെ വെട്ടിമുറിച്ച് വിറ്റ് കാശാക്കുന്നു. ആദ്യം അവനവന്റെ ഉള്ളിലാണ് പരിസ്ഥിതി ബോധം വളർത്തേണ്ടത് പിന്നീടാണ് മറ്റുള്ളവരെ നന്നാക്കേണ്ടത്. ഇക്കഴിഞ്ഞ പ്രളയകാലത്തുതന്നെ നമ്മൾ എല്ലാവരും ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിച്ചു. ആ അർപ്പണ മനോഭാവം തന്നെയാണ് പരിസ്ഥിതിസംരക്ഷണത്തിലും നമ്മൾ കാണിക്കേണ്ടത്. പരിസ്ഥിതിസംരക്ഷണം എന്നത് ഒരു മഹത്തായ കാര്യമാണ്. നമ്മൾ ഒരു മരം വെട്ടുമ്പോൾ അഞ്ചുമരമെങ്കിലും നട്ടുപിടിപ്പിക്കണം.



പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അന്തരം കുറച്ച് മനുഷ്യനെ പരിസ്ഥിതിസംരക്ഷണത്തിലേക്ക് കൂടുതൽ ഉൾക്കൊള്ളിക്കണം. അതിനുള്ള പ്രവർത്തനമാണ് നമ്മൾ ചെയ്യേണ്ടത്.

*************

കവിത

നന്ദുകൃഷ്ണൻ
ഒമ്പത് എ

# ഭൂമിയുടെ വിളികൾ



അമ്മേ നിനക്ക് മാപ്പ്
ചെവിയുണ്ടെങ്കിലും നിൻവിളികൾ–
ഒന്നും എൻ കാതിൽ പരന്നില്ല.
കിളിയുടെ മർമരം. ...
പുഴയുടെ ഓളങ്ങൾ. ..
പ്രകൃതിയുടെ പ്രതിഭാസങ്ങൾ ഒന്നുമെൻ ...
കാതി ഇണങ്ങിയില്ല.
നിൻവിളി എന്നുള്ളിൽ –
മന്ദസ്മിതം കൊണ്ടു കുളിരേകി.
ഒരുനാൾ നീ എന്നെ ഉണർത്തി
ഈ ഭൂമി എന്റെ സ്വർഗമാണ്
മലിനമാക്കി നിന്റെ സൗന്ദര്യലഹരിയെ
ഈ മനുഷ്യൻ കളിക്കുമുന്നിൽ
വാഹനങ്ങൾ പെരുകി എന്റെ ഉള്ളിൽ
ആഗോളതാപനം നീ പെരുക്കി
എൻ വിളികൾ നീ കാതോർക്കാതെ
നിന്റെ ഇഷ്ടങ്ങൾ നീ തുടങ്ങി
അമ്മേ നിന്റെ ഭയപ്പെടുത്തുന്ന
നിലവിളി
എന്റെ ലോകത്തെ വെണ്ണീരാക്കി
കളകളം പാറി നടക്കുന്ന
തുമ്പകൾ പക്ഷികൾ ഇന്ന്
മൃഗശാലയിൽ മാത്രം മിന്നിത്തെളിയുന്നു
ഭൂമിയുടെ അവകാശിയായി
നൂറു നൂറു ഇന്ത്യക്കാർ കാത്തിരിപ്പ
ഭൂമിയും മലിനമായി
പുഴയും കടലും മലിനമായി
ഇനി എവിടെ നാം വിശ്രമിക്കും
ഇവയെന്നും നേരിട്ട് കണ്ടറിഞ്ഞ്



ഈ ഭൂമിയുടെ നിലവിളികൾ കേൾക്കാം
അരുത് മക്കളെ അരുത്
ഇനിയും തലമുറകൾ പിന്നിലുണ്ട്
ഇനിയെത്ര കാലുകൾ അകത്തുണ്ട്
നാളെ ഈ ഭൂമി നമ്മുടെ മക്കൾക്ക്
എന്ന ചിന്തയിൽ ഞാൻ മുഴുങ്ങിതീർന്നു
നാട്ടിലെ പുഴയ്ക്കും വിളികളുണ്ട്
അരുതരുത് മക്കളെ
നാടിന്റെ തൊണ്ട നനയ്ക്കുമമ്മയെ
ജീവിതത്തിന്റെ പ്രവാഹഗംഗയെ
എന്റെ നാട്ടിലെ പുഴ
ആ പുഴ ഇന്ന് നിലച്ചു
മനുഷ്യന്റെ നിരന്തര ഇടപെടലുകളിൽ
മനുഷ്യനാണ് ഭൂമിയിലെ  ദുരന്തം
അമ്മയെ നശിപ്പിക്കുന്ന ദുരന്തം
ഇതെല്ലാം കേട്ട് അമ്മതൻ
നിലവിളികൾ ദൂരെ ദൂരെ
നീണ്ടുനിൽക്കുന്നു
പക്ഷികളുടെ ചോദ്യം കേൾക്കാം
നിങ്ങളെൻ ഭൂമിയെ എന്തു ചെയ്തു?
ഈ അമ്മ എന്റെ അമ്മ എന്നതിൽ
ഞാൻ ഉറച്ചിരിക്കുന്നു
പ്രകൃതിയെ നിനക്കു മാപ്പ് ...
പ്രകൃതിയെ നിനക്കു മാപ്പ് ...

***********

**ലേഖനം**

ഇ വി ആനന്ദകൃഷ്ണൻ
ജി എച്ച് എസ് മൂന്നാട്

# ഭാരതീയന്റെ ഹൃദയഭാഷ

മനുഷ്യ ഭാവങ്ങൾ പ്രകടിപ്പിക്കാനുള്ള ശക്തമായ സ്രോതസ്സാണ് ഭാഷ. ഭാവത്തിനും ഭാഷയ്ക്കും വസ്തു–വസ്ത്വാഗ്ര ബന്ധമാണുള്ളത്. ഭാഷ ഭാവങ്ങളെ പ്രതിനിധാനം ചെയ്യുമ്പോൾ ഭാവങ്ങൾ ഭാഷയെ അനുധാവനം ചെയ്യുന്നു.ഭാഷയുടെ അഭാവത്തിൽ ഭാവങ്ങൾക്കും വിചാരങ്ങൾക്കും നിലനിൽപ്പോ പ്രാധാന്യമോ ഇല്ല.അന്യഭാഷക്കാരുടെ ഇടയിൽപ്പെടുന്ന വാചാലന് മൂകനാവേണ്ടിവരുന്നു. അന്യഭാഷയിൽ വിചാരങ്ങൾ പ്രകടിപ്പിക്കുക അസാദ്ധ്യമാകുമ്പോൾ ചുറ്റുപാടുകളെ മൂല്യനിർണയം ചെയ്യുക എന്നത് മാത്രമാണ് നമ്മുടെ കഴിവില്ലായ്മയുടെ സൂചകം.

ബഹുഭാഷാ പ്രദേശമായ നമ്മുടെ രാജ്യത്തിലെ ഓരോ പൗരനും സ്വന്തം വിചാര വികാരങ്ങൾ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യമായ അധികാരമുണ്ട്. എന്നാൽ ആശയവിനിമയത്തിന് ഭാഷാ വൈവിധ്യം ഒരു തടസ്സമാണ്.വികാരജന്യമായ ഭാഷ എന്ന നിലയിൽ നമ്മുടെ ദേശീയ ഭാഷയായ ഹിന്ദിക്ക് ഇന്ന് മുമ്പത്തേക്കാൾ പ്രാധാന്യംവും പ്രസക്തിയുമുണ്ട്. ഭാരതത്തിന്റെ വൈകാരികമായ ഐക്യത്തിന്റെ പര്യായമായി ആ ഭാഷ മാറിക്കഴിഞ്ഞിട്ടുണ്ട്. എന്തുകൊണ്ടാണ് രാഷ്ട്രപിതാവായ ഗാന്ധിജി ഹിന്ദി തന്നെ രാഷ്ട്രഭാഷയാവണമെന്ന് വിഭാവനം ചെയ്തത് ?



നമ്മുടെ രാജ്യത്ത് സംസാരിക്കപ്പെടുന്ന ഭാഷകൾക്ക് പ്രാദേഷിക പരിമിതിയുണ്ട്. ബംഗാൾ ബംഗാളിഭാഷയിലും പഞ്ചാബ് പഞ്ചാബിയാലും മഹാരാഷ്ട്ര മറാഠി ഭാഷകൊണ്ടും തമിഴ്നാട് തമിഴ് ഭാഷമുഖേനയും സീമിതമാണ്.എന്നാൽ പ്രാദേശിക ബന്ധത്തിൽ നിന്ന് വിട്ടുമാറി ഭാരതത്തിൽ സ്വതന്ത്ര സഞ്ചാര ശേഷിയോടെ വർത്തിക്കുന്ന സമന്വയാത്മകമായ ഭാഷയാണ് ഹിന്ദി ഭാഷ.ഉത്തരേന്ത്യക്കാരുടെ ഭാഷയായ ഹിന്ദി നാം

എന്തിനാണ് പഠിക്കുന്നത് എന്ന ഭ്രമം ചിലർക്കെങ്കിലും ഉണ്ട്.ഉത്തരേന്ത്യയിലും പ്രാദേശിക ഭാഷകൾ പ്രചാരത്തിൽ ഉണ്ടെന്ന വസ്തുതയുടെ അനഭിജ്ഞതയാണ് ഈ ഭ്രമത്തിന് നിദാനം. അവതി, വ്രജ്, ഭോജ് പുരി, ബുന്ദേൽഖണ്ഡി മുതലായവ ഉത്തരേന്ത്യൻ നാട്ടുഭാഷകളാണ്.

ആയതിനാൽ ഹിന്ദി ഉത്തേരേന്ത്യക്കാരുടെ മാത്രം ഭാഷയാണ് എന്ന് പറഞ്ഞ് അവഗണിക്കുന്നത് ഉചിതമല്ല.അടിസ്ഥാനപരമായി നോക്കുമ്പോൾ ഹിന്ദി ഇന്ത്യയിലെ ഏതെങ്കിലും പ്രദേശത്തിന്റെയോ സംസ്ഥാനത്തിന്റെയോ അതിർത്തിക്കുള്ളിൽ ഒതുങ്ങി നിൽക്കുന്ന ഭാഷയല്ല.

സമന്വയത്തിന്റെ ഭാഷയായ ഹിന്ദിയെ മാനവീകരിക്കുക പ്രയാസമാണ്. ഓരോ സംസ്ഥാനത്തുമുള്ള ആളുകൾ സംസാരിക്കുന്ന രീതിയനുസരിച്ച് ഹിന്ദിക്ക് അതിന്റേതായ ഉച്ചാരണമാറ്റങ്ങളുണ്ട്. അതുകൊണ്ടാണ് .ഡൽഹി, പഞ്ചാബ്, ഉത്തർപ്രദേശ് മുതലായ സ്ഥലങ്ങളിലെ ഹിന്ദിക്ക് വ്യത്യസ്തത തോന്നുന്നത്. ഈ വൈവിധ്യത്തിനിടയിലും നിലനിൽക്കുന്ന സമാന തത്വത്തെയാണ് ഹിന്ദി എന്നു പറയേണ്ടത്. അതുകൊണ്ട ഹിന്ദിയെ സമ്പർക്കഭാഷ എന്നും പരയാം.
ഉത്തരേന്ത്യക്കാരനേയും ദക്ഷിണേന്തക്കാരനേയും സംയോജിപ്പിക്കുന്ന തിലുപരി മനുഷ്യനെ മറ്റൊരു മനുഷ്യനുമായി പരിചയപ്പെടുത്തുക എന്ന മഹത്ത് ദൗത്യം കൂടി ഹിന്ദി ഭാഷ നിർവഹിക്കുന്നുണ്ട്. ഹിന്ദി അറിയാതെ ഭാരതീ യരുടെ ഹ്യദയത്തെ വിജയിക്കുക അസാദ്യമാണ്.ഭാരത മാതാവിന്റെ ആന്തര ആത്മാവിന്റെ ശബ്ദമാണ് ഈ ഭാഷ.അതുകൊണ്ട് ഏക്ക് ഹ്യദയ് കൊ ഭാരത് ജനനി,ഏക്ക് രാഷ്ട്ര ഭാഷ ഹിന്ദി ഹോ എന്ന മുദ്രാ വാക്യം ഭാരതത്തിനപ്പുറത്തും മുഴങ്ങുകയാണ്.ഹിന്ദി പഠിക്കാതെ ഭാരതീയന്റെ ഹ്യദയത്തിൽ ഇറങ്ങിച്ചെല്ലുക അസാദ്യമാണെന്ന് ഡോ:ലൂഥർ പറഞ്ഞത് ശ്രദ്ദേയമാണ്.അന്തർ ദേശീയ തലത്തിൽ ഭാരതീയനെ തിരിച്ചറിയുന്നത് ഹിന്ദി ഭാഷയിലൂടെയാണ്. പ്രാദേശിക ഭാഷകളിലൂടെയല്ല.



സർക്കാർ ജോലിയിലായാലും സ്വയംതൊഴിൽ പദ്ധതി ഹിന്ദിയുടെ പ്രയോഗം അനുദിനം വർദ്ധിച്ചുവരികയാണ്.ദക്ഷിണേന്ത്യൻ ഭാഷകൾപോലെ ഉത്തരേന്ത്യ ക്കാർക്കും അവരുടേതായ പ്രാദേശിക ഭാഷകളുണ്ട്. എന്നാൽ പ്രയോഗിക പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ഹിന്ദി ദക്ഷിണേന്ത്യക്കാരൻ പഠിക്കേണ്ടതി ല്ലെന്നാണ് ഹിന്ദി വിരുദ്ധർ പറയുന്നത്.ഉത്തരേന്ത്യയിലെ എല്ലാ ഭാഷകളും നാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നില്ലല്ലോ.അവയുടെ പ്രയോഗം ഇവിടെ നിരർത്ഥകമാണെന്നാണ് അതിനു കാരണം പ്രാചീന ഭാരതത്തിന്റെ ദേവ ഭാഷയാണ് സംസ്കൃതം ഇന്ന്

അത് ക്ഷേത്രങ്ങളിലും വിവാഹ മണ്ഡപങ്ങളിലും മാത്രം പ്രയോഗിക്കുന്ന ഭാഷയായി ചുരുങ്ങിക്കഴിഞ്ഞു.സംസ്കൃതംത്തിലെ സമ്യദ്ധമായ സാഹിത്യം പഠിച്ച് സംസ്കൃത പണ്ഡിതരാവാനുള്ള ആഗ്രഹവും ആളുകളിൽ പൊതുവെ കുറഞ്ഞുവരികയാണ്.

ഹിന്ദിയുടെ പുരോഗതിക്ക് തടസ്സം നിൽക്കുന്നവർ എന്തു കൊണ്ട് ഇംഗ്ലീഷ് ഭാഷയ്ക്കെതിരെ വിരൽചൂണ്ടുന്നില്ല?നാം നമ്മുടെ മക്കളെ കുലീനരും സംസ്കാര സമ്പന്നരുമാക്കണമെന്ന ഉദ്ദേശ്യത്തോടെ ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്കയക്കു മ്പോൾ എന്തുകൊണ്ട് മാതൃഭാഷാബോധനം അനുവാര്യമാക്കു ന്നതിനുവേണ്ടി ചിന്തിക്കുന്നില്ല!ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് കുട്ടികളെ അയക്കുന്ന രക്ഷിതാക്കളുടെ വിഭ്രാന്തികൊണ്ടല്ല.മറിച്ച് അത് ഇംഗ്ലീഷ് ഭാഷയുടെ ശ്രേഷ്ഠതയും മാന്ത്രികതയും കൊണ്ടുമാണ്.

കന്യാകുമാരി മുതൽ കാശ്മീർ വരെയുള്ള പൂക്കൾ കൊണ്ട് അലങ്കരിച്ച പൂച്ചെണ്ടാണ് ഹിന്ദിഭാഷയെന്ന് സൂഷ്മ വിചിന്തനം ചെയ്താൽ നമുക്ക് പറയാൻ കഴിയും.ഹിന്ദിയിൽ ആര്യഭാഷകളിലേത് മാത്രമല്ല ദ്രാവിഢ ഭാഷകളിലേയും ശബ്ദസാനിദ്ധ്യവും സമൃദ്ധിയുമുണ്ട്. ഗുജറാത്തി, പഞ്ചാബി, മലയാളം, തമിഴ്, കർണ്ണാടകം തുടങ്ങി എല്ലാ ഭാഷകളും ഇക്കൂട്ടത്തിൽപെടുന്നു. എപ്പേഴെങ്കിലും അഹിന്ദി ഭാഷകൾ തങ്ങളുടെ ഭാഷാശബ്ദങ്ങൾ ഹിന്ദിയിൽനിന്ന് വേർപെടുത്ത ണമെന്ന ആവശ്യം ഉന്നയിച്ചാൽ ഹിന്ദിയുടെ അസ്തിത്വം തന്നെ നഷ്ടമായെന്നുവരും. ഭാഷാവാദത്തിന്റെ സങ്കുചിതവാദത്തിൽനിന്ന് പുറത്തുകടന്ന് നാം ഏവരും ഹിന്ദിഭാഷ പഠിച്ച് പ്രചരിപ്പിക്കേണ്ടതായിട്ടുണ്ട്.ഹിന്ദിഭാഷ രണ്ടാംഭാഷയല്ല.അത്



നമ്മുടെ സ്വന്തം ഭാഷയാണ്. ഈ ഭാഷ ദക്ഷിണേന്ത്യക്കാരന്റെ സൂഷിപ്പുമുതലോ ഉത്തരേന്ത്യക്കാകരന്റെ പൈതൃക സമ്പത്തോ അല്ല.ഓരേ ഭാരതീയനും അധികാരപുരസ്സരം ഉപയോഗിക്കാവുന്നതും ഭരണഘടന മുഖേന ഓരോ പൗരനും നൽകപ്പെട്ടിട്ടുള്ളതുമായ പൊതുസ്വത്താണ്. ഹിന്ദി ഇന്ത്യക്കാരന്റെ സ്വന്തം ഭാഷയാണ്.

*********

**ജീവചരിത്രം**

# മധു എന്ന നാടക നടൻ

**ബേ**ഡകം ഗ്രാമം കേരളക്കരയിൽ പ്രസിദ്ധമാകാൻ ഒരു നിമിത്തമായ ശ്രീ മധു ബേഡകം 1967 ൽ ബേഡകം കുഞ്ഞിരാമന്റേയും കുഞ്ഞാതയുടെയും പത്ത് മക്കളിൽ ആറാമത്തെ സന്തതിയായാണ് ജനിച്ചത്. 2 ആണും എട്ട് പെണ്ണും ആയിരുന്നു ഈ ദമ്പതികൾക്ക് ജനിച്ചതെങ്കിലും ആണായി ഇപ്പോൾ മധു മാത്രമേ ജീവിച്ചിരിപ്പുള്ളൂ.



**അ**ച്ചാച്ഛൻ ബേഡകം എൽ പി സ്കൂൾ മാനേജരായിരുന്നു. അതു കൊണ്ടു തന്നെ മൂന്നാം ക്ലാസ് വരെ പഠിച്ചതും പ്രസ്തുത സ്കൂളിൽ തന്നെയായിരുന്നു. മൂന്നാം ക്ലാസ് വരെ മാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ എന്നതിനാൽ തുടർന്നുള്ള പഠനം കുണ്ടംകുഴി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലായി. അവിടെ നിന്നും 1982 ൽ എസ് എസ് എൽ സി പാസായ മധു പ്രീ ഡിഗ്രി പഠിക്കുന്നതിനായി കാസറഗോഡ് വിവേകാന്ദ കോളേജിൽ ചേർന്നു. 1984 ൽ പ്രി ഡിഗ്രി പാസായ അദ്ദേഹം അവിടെ തന്നെ സാമ്പത്തിക ശാസ്ത്രം ഐശ്ചിക വിഷയമായി ഡിഗ്രിക്ക് ചേർന്നെങ്കിലും അവസാനവർഷ പരീക്ഷ എഴുതാതെ പാതി വഴിയിൽ പഠനമുപേക്ഷിച്ചു

**ചെ**റിയ ക്ലാസുകളിൽ പഠിക്കുമ്പോൾ മധുവിന് കലയേക്കാൾ ഏറെ താൽപ്പര്യം കായിക മേഖലയിലായിരുന്നു. പ്രൈമറി ക്ലാസുകളിൽ പഠിക്കുമ്പോൾ കായികമേളകളിൽ പങ്കെടുത്തതും സമ്മാനങ്ങൾ ലഭിച്ചതും മധു ഏറെ സന്തോഷത്തോടെ ഓർക്കുന്നു. കായിക മേഖലയിൽ നിന്നും കലാമേഖലയിലേക്ക് ശ്രീ മധുവിന് വഴിതെളിച്ചത് അദ്ദേഹത്തിനെ പ്രൈമറി സ്കൂളിൽ പഠിപ്പിച്ച സുരേഷ് മാഷാണത്രെ. ശ്രീ മധുവിലെ നടനെ തിരിച്ചറിഞ്ഞ സുരേഷ് മാഷ് നാടകത്തിൽ അഭിനയിക്കാൻ പ്രചോദനമേകി. അങ്ങനെ സ്കൂൾ വാർഷികോത്സവത്തിൽ നാടകത്തിൽ വേഷമിട്ട മധുവിന് സുരേഷ് മാഷ് ഉൾപ്പെടെയുള്ള ജനസഞ്ചയത്തിന്റെ നിറഞ്ഞ പിന്തുണയും പ്രോത്സാഹനവും കിട്ടി. മികച്ച ഒരു നാടക നടൻ എന്ന നിലയിൽ ഇന്നറിയപ്പെടുന്ന ശ്രീ മധു ബേഡകത്തിന് എന്നാൽ ഇത് പറയുമ്പോൾ ഒരു വിഷമമേയുള്ളൂ – ആ സുരേഷ് മാഷ് ഇന്ന് ജീവിച്ചിരിപ്പില്ല എന്ന ദുഃഖം. താൻ പഠിപ്പിക്കുന്ന ഒരു കുട്ടി കുളത്തിൽ വീണ് മുങ്ങിത്താഴുന്നത് കണ്ടപ്പോൾ കുട്ടിയെ രക്ഷിക്കാൻ നീന്തലറിയാത്ത സുരേഷ് മാഷും കുളത്തിലേക്കെടുത്തു ചാടി. അങ്ങനെ 2 പേരും മരണത്തിന് കീഴടങ്ങി. നാടകനടനിലേക്കുള്ള പ്രയാണത്തിന്റെ ചരിത്രം തേടി മുന്നാട്ടെ കുട്ടികൾ ശ്രീ മധു ബേഡകത്തെ സമീപിച്ചപ്പോൾ ഈ ദുരന്തകഥ പറഞ്ഞ് അൽപ്പസമയം മൗനത്തിലായി. എങ്കിലും,

കുട്ടികളുടെ മുന്നിൽ വിഷമം കാണിക്കാതെ തന്റെ പ്രിയപ്പെട്ട അധ്യാപകന്റെ വിയോഗം ഉണ്ടാക്കിയ ദുഃഖം ഉള്ളിലൊതുക്കി അദ്ദേഹത്തിന്റെ തുടർന്നുള്ള ജീവിത കഥ പൂർത്തിയാക്കി.



**ആ**ദ്യ നാടകത്തിൽ തന്നെ അഭിനയ മികവിന് കൈയടി കിട്ടിയത് മധുവിലെ നടനെ കൂടുതൽ കരുത്തനാക്കി. സ്കൂളിൽ സംഘടിപ്പിച്ച നിരവധി നാടകങ്ങളിൽ പിന്നീട് അഭിനയിച്ചു. ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ യുവജനോത്സവത്തിൽ അവതരിപ്പിച്ച ഒരു നാടകത്തിലെ അഭിനയത്തിന് ശ്രീ മധുവിന് അഭിനന്ദന പ്രവാഹം തന്നെയുണ്ടായി. വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട് മാത്രം അഭിനയിച്ചിരുന്ന അദ്ദേഹം അധികം വൈകാതെ അമച്വർ നാടക രംഗത്തേക്കും പിന്നീട് പ്രൊഫഷണൽ നാടക രംഗത്തേക്കും തന്റെ പ്രവർത്തനമേഖല വ്യാപിപ്പിച്ചു.

**ക**ണ്ണൂർ സംഘചേതന, കോഴിക്കോട് നവചേതന, കോഴിക്കോട് ഭരത, കോഴിക്കോട് രംഗഭാഷ, പൂക്കാട് കലാനിലയം, തിയറ്റർ വിഷൻ കേരള തുടങ്ങി ഒട്ടനവധി പ്രൊഫഷണൽ നാടക സംഘത്തിൽ ചേർന്നു പ്രവർത്തിച്ചു. 1995 മുതൽ പ്രൊഫഷണൽ നാടക രംഗത്ത് സജീവമാണ്. മികച്ച നാടക നടൻ എന്ന നിലയിൽ നിരവധി പുരസ്കാരങ്ങൾ ഇക്കാലയളവിൽ ശ്രീ മധുവിനെ തേടിയെത്തി. ശ്രീ നാരായണ ഗുരുവായും ത്യാഗരാജ സ്വാമിയായും വേഷമിട്ടു. വേലക്കുന്ന് ക്ഷേത്ര ഐതീഹ്യത്തെ തൊട്ടറിയാൻ വരപ്രസാദം എന്ന പേരിൽ ഒരു നാടകം സംവിധാനം ചെയ്യുകയുമുണ്ടായി. കേരളത്തിലെ അറിയപ്പെടുന്ന നാടക സംവിധായകൻ ശ്രീ ഗോപി കുറ്റിക്കോലിന്റെ നാടകങ്ങളിലും വേഷമിട്ടിട്ടുണ്ട്.



**സി**നിമയും ശ്രീ മധുവിന് വഴങ്ങും എന്ന് അദ്ദേഹം തെളിയിച്ചിട്ടുണ്ട്. ശ്രീ വിനു കോളിച്ചാൽ സംവിധാനം ചെയ്ത ബിലാത്തി കുഴൽ എന്ന സിനിമയിൽ അദ്ദേഹം മാത്രമല്ല ഭാര്യയും അഭിനയിച്ചിട്ടുണ്ട്. പ്രദേശത്തെ കലാസമിതികൾക്കു വേണ്ടി ഹാസ്യ നാടകങ്ങൾ എഴുതാനും ശ്രീ മധു ബേഡകം ശ്രമിച്ചിട്ടുണ്ട്. കൂടാതെ ചോമന്റെ തുണി എന്ന നാടകത്തിൽ ഇദ്ദേഹം ശബ്ദം നൽകുകയും ചെയ്തു.

**വ്യാ**പാരി വ്യവസായി ഏകോപന സമിതി കളക്ഷൻ ഏജന്റായി പ്രവർത്തിക്കുന്ന ഭാര്യ ശാരദയും മക്കളായ പെരിയ പോളിടെക്നിക്ക് കോളേജ് വിദ്യാർത്ഥി ചാരുഹാസ് , ആറാംതരം വിദ്യാർത്ഥിനി സായന്തന എന്നിവരും നാടകം ഏറെ ഇഷ്ടപ്പെടുന്നു. സ്കൂൾ കലോത്സവത്തിൽ മകൾ സായന്തന മികച്ച നടിയായി തെരെഞ്ഞെടുക്ക പ്പെട്ടിട്ടുണ്ട്

**ത്യാ**ഗരാജ സ്വാമിയായുള്ള അഭിനയത്തിന് ശ്രീ മധുവിനെ തേടിയെത്തിയത് കേരളത്തിലെ അറിയപ്പെടുന്ന നാല് പുരസ്കാരങ്ങളാണ്. പ്രൊഫഷണൽ നാടക മത്സരത്തിൽ SNYS ഇരിങ്ങാലക്കുട അദ്ദേഹത്തിനെ ഏറ്റവും മികച്ച രണ്ടാമത്തെ നടനായി തെരഞ്ഞെടുത്തു.



**ഏ**ഴാം ക്ലാസിൽ പഠിക്കുമ്പോൾ അച്ഛനെയും പിന്നീട് സഹോദരനേയും നഷ്ടപ്പെട്ടു. ജീവിതത്തിലുണ്ടായ എല്ലാ പ്രതിബന്ധങ്ങളേയും ധീരമായി നേരിട്ട് നാളിതുവരെ പതിനാലിലധികം പ്രൊഫഷണൽ നാടകങ്ങളിലും എണ്ണമറ്റ അമച്വർ നാടകങ്ങളിലും മികച്ച വേഷങ്ങളിട്ടു. അസംഖ്യം വേദികളിൽ ഇവ അവതരിപ്പിച്ചപ്പോൾ മധുവിലെ നാടക നടന് പൂർണ്ണത കൈവന്നു.

**ജീ**വിതത്തിൽ ഏറ്റവും കൂടുതൽ സന്തോഷമുണ്ടാക്കിയ സംഭവം ഏതെന്ന കുട്ടികളുടെ ചോദ്യത്തിന് ഒരു നിമിഷത്തിന്റെ വ്യത്യാസം പോലുമില്ലാതെ ഉത്തരമെത്തി – "കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഇപ്പോഴത്തെ ഭരണപരിഷ്കാര കമ്മിഷൻ ചെയർമാനുമായ ശ്രീ വി എസ് അച്യുതാതാനന്ദന്റെ കൈയിൽ നിന്നും പുരസ്കാരം സ്വീകരിക്കാൻ കഴിഞ്ഞത്". സൂര്യ ഫെസ്റ്റിവലിൽ അവതരിപ്പിച്ച നാടകത്തിലെ വേഷത്തിനാണ് ശ്രീ വി എസ് പുരസ്കാരം സമ്മാനിച്ചത്.

**ഏ**റ്റവും ദു:ഖമുണ്ടാക്കിയ സംഭവത്തെ കുറിച്ചാരാഞ്ഞപ്പോൾ പറഞ്ഞതും നാടകവുമായി ബന്ധപ്പെട്ട ഒരു കഥ തന്നെയാണ്. സ്കൂളിൽ ചെറിയ ക്ലാസിൽ പഠിക്കുമ്പോൾ വാർഷികോത്സവത്തിൽ അവതരിപ്പിക്കുന്നതിനായി ഒരു നാടക ടീമിനെ ഒരുക്കാൻ അധ്യാപകർ മുന്നിട്ടിറങ്ങി. 8 കുട്ടികളെ ഇതിനായി കണ്ടെത്തുകയും ചെയ്തു. എന്നാൽ അവതരിപ്പിക്കാനായി തെരഞ്ഞെടുത്ത നാടകത്തിൽ ഏഴ് കഥാപാത്രങ്ങളേ ആവശ്യമുണ്ടായിരുന്നുള്ളൂ. അപ്പോൾ സ്വാഭാവികമായും ഒരാൾ പുറത്തേക്ക് പോകണം. അതിന് തെരഞ്ഞെടുത്തതാകട്ടെ മധു എന്ന കുട്ടിയേയും. ഈ നിർഭാഗ്യമാണ് അമ്പത്തിരണ്ടിലേക്കെത്തിനിൽക്കുന്ന മധു ഇന്നും ഓർക്കുന്ന കയ്പേറിയ സംഭവം. ഒരി പക്ഷെ ഈ ദൗർഭാഗ്യമാകാം മധുവിലെ നടനാകാനുള്ള ഒടുങ്ങാത്ത അഭിനിവേശം കൂട്ടിയതും ദൗർഭാഗ്യം ഭാഗ്യമായി രൂപാന്തരപ്പെട്ടതും.

**ജീ**വിതത്തിൽ പറ്റിയ ഒരമളിയെ കുറിച്ചും, കുട്ടികൾ ചോദിക്കാതെ, അദ്ദേഹം പറയുകയുണ്ടായി. ആലപ്പുഴയിലോ മറ്റോ ഒരു നാടകം അവതരിപ്പിക്കാനെത്തിയപ്പോഴായിരുന്നു ആ സംഭവം. നാടകം കഴിഞ്ഞ് തന്നെ വന്ന് കണ്ട നിരവധി പേരിൽ ഒരാൾ ആധികാരികമായി നാടകത്തേയും സംവിധാനത്തേയും അവതരണത്തേയും അഭിനയത്തേയും കുറിച്ച് പറഞ്ഞു. ഭാവിയിൽ ഒരുപാട് സാധ്യതകൾ ഉണ്ടാവട്ടെ എന്ന് ആശംസിക്കുക കൂടി ശ്രീ മധുവിന് ഒരു സംശയം. ആരാണിദ്ദേഹം ?  ഒട്ടും താമസിച്ചില്ല. തന്റെ സംശയം അദ്ദേഹത്തോടു തന്നെ ചോദിച്ചു. "ആരാണ് താങ്കൾ ?" ഉത്തരം കേട്ടപ്പോൾ മധു ഞെട്ടി. കേരളത്തിലെ നാടകാചാര്യൻമാരിൽ ഒരാളായ ശ്രീ വയലാ വാസുദേവൻ പിള്ളയായിരുന്നു അത്. നാടകം തപസ്യയാക്കിയ വയലാവാസുദേവൻ പിള്ളയെ ശ്രീ മധു ബേഡകത്തിന് തിരിച്ചറിയാൻ കഴിയാതെ പോയല്ലോ എന്ന കുറ്റബോധവും അമളിയും കുട്ടികളുമായി അൽപ്പം വിഷമത്തോടെയാണദ്ദേഹം പങ്കുവെച്ചത്.



**മു**പ്പത്തിമൂന്നാം വയസിൽ കല്യാണം കഴിച്ച ശ്രീ മധു ഭാര്യയും രണ്ടു കുട്ടികളോടും ഒപ്പം ബേഡകം വേലക്കുന്ന് റോഡ് ജംഗ്ഷനിൽ സ്വന്തമായി നിർമിച്ച വീട്ടിലാണ് താമസം. നാടകങ്ങൾ അവതരിപ്പിക്കാനും പുതിയ നാട കങ്ങൾ റിഹേഴ്സൽ ചെയ്യാനും വേണ്ടി വരുന്ന ദിനങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ സ്വന്തമായുള്ള ഒരു ഓട്ടോ റിക്ഷ ഓടിക്കും.

**ജീ**വിതമാകുന്ന നാടകത്തിൽ പെയിന്ററായും ഓട്ടോ ഡ്രൈവറായും വേഷമിട്ട മധു ഏറെ സന്തോഷവാനാണ് തന്റെ ഗ്രാമം തന്നിലർപ്പിക്കുന്ന അംഗീകാരങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും. കഴിയുന്നത്ര കാലം ഇനിയും അഭിനയിക്കണമെന്ന മോഹമാണുള്ളത് എന്ന് ഉറപ്പിച്ച് പറഞ്ഞ അദ്ദേഹം ജീവിതത്തിൽ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ട വേഷമായ ത്യാഗരാജ സ്വാമിയായി പതിനഞ്ച് മിനിറ്റോളം കുട്ടികളുടെ മുന്നിൽ വേഷവിധാനങ്ങളൊ ന്നുമില്ലാതെ, എല്ലാം മറന്ന് അഭിനയിക്കുകയും ചെയ്തു.



യാത്ര പറയും നേരത്ത് കുട്ടികളോടായി ഒരോർമപ്പെടുത്തൽ നടത്താനും ശ്രീ മധു മറന്നില്ല ; "ജീവിതം ജയ പരാ ജയങ്ങൾ അടങ്ങിയതാണ്. പരാജയങ്ങൾ വരുമ്പോൾ അതിന് കീഴ്പ്പെടരുത്. പോരാടുക. വിജയം ഉറപ്പ്". കേരളത്തിലെ അറിയപ്പെടുന്ന നാടക നടന്റെ ജീവിതാനുഭവങ്ങളിൽ നിന്നും ഉണ്ടായ ഈ സത്യം ഒരു ശിലാലി ഖിതമായി നമ്മുടെ ഏവരുടേയും മനസ്സിലുണ്ടാവട്ടെ ജീവിതത്തിന്റെ എല്ലാ വേളകളിലും ...

**********

**ജീവചരിത്രം**

# ബേഡകത്തിന്റെ തൂലിക




**കാ**സറഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമത്തിൽ കാടകം കുഞ്ഞമ്പുവിന്റേയും ജാനകിയമ്മയുടേയും മകളാ യി 1965 ലാണ് രാധയുടെ ജനനം. മൂന്ന് മാസം മാത്രം പ്രായമായപ്പോൾ മകളെ തനിച്ചാക്കി അമ്മ ഈ ലോക ത്തോട് യാത്ര പറഞ്ഞു. തുടർന്ന് അമ്മയുടെയും അച്ഛന്റെയും വീട്ടുകാർ മാറി മാറി സംരക്ഷിച്ചു.

**ബേ**ഡകം എൽ പി സ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യസം പൂർത്തിയാക്കിയ രാധ തുടർ പഠനത്തിനായി കുണ്ടംകുഴി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെത്തുകയും അവിടെ നിന്നും എസ് എസ് എൽ സി പാസായി കാസറഗോഡ് ഗവൺമെന്റ് കോളേജിൽ ചേരുകയുപം ചെയ്തു. ജീവിതത്തിന്റെ ആദ്യപാദങ്ങളിൽ കടുത്ത സാമ്പത്തിക ക്ലേശം അനുഭവിച്ചിരുന്ന രാധ വണ്ടിക്കൂലിക്ക് പണം തികയാതെ വന്നപ്പോൾ പകുതി വഴിക്കിറങ്ങി ബാക്കി ദൂരം നടന്നു പോയ ദുരവസ്ഥ വരെ ജീവിതത്തിലഭിമുഖീകരിച്ചതായി ഓർമ്മിക്കുന്നു.

**ര**ണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ ക്ലാസ് ലീഡറായിരുന്ന രാധ ക്ലാസിൽ സംസാരിക്കുന്ന കുട്ടികളുടെ പേരെഴു താൻ ക്ലാസധ്യാപകൻ കൽപ്പിച്ചതനുസരിച്ച് സംസാരിക്കുന്നവരുടെ പേരെഴുതുന്നതിനു പകരം അവർ ചെയ്യുന്ന പ്രവൃത്തികൾ കുറിച്ചു വെച്ചു. ഇതിലെ സാഹിത്യാത്മകത ആസ്വദിച്ച രാധയെ അധ്യാപകൻ

വളരെയേറെ ശകാ രിച്ചുവെങ്കിലും സാഹിത്യ ലോകത്തേക്കുള്ള പടിവാതിലായിരുന്നു ആ സംഭവമെന്ന് രാധ ഇപ്പോഴും ദൃഢമായി വിശ്വസിക്കുന്നു. നാലാം ക്ലാസിൽ പഠിച്ചു കൊണ്ടിരുന്നപ്പോൾ രാധയിലെ സാഹിത്യകാരിയെ കണ്ടെത്തിയ കുഞ്ഞിക്കണ്ണൻ എന്ന അധ്യാപകനാണ് യഥാർത്ഥത്തിൽ സാഹിത്യ ലോകത്തിലേക്കുള്ള രാധയുടെ വഴികാട്ടി.



**പു**സ്തകങ്ങൾ വായിക്കാനും കൊച്ചു കൊച്ചു കഥകളും കവിതകളും രചിക്കാനും കുഞ്ഞിക്കണ്ണൻ മാഷിന്റെ പ്രചോ ദനം രാധയെ സഹായിച്ചു. കുണ്ടംകുഴി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലേക്കെത്തിയപ്പോൾ കലോത്സവ ത്തിൽ കഥാരചനയിലും കവിതാ രചനയിലും ഒന്നാം സ്ഥാനം കിട്ടിയ കാര്യം ഇപ്പോഴും രാധ ഓർമ്മിക്കുന്നു. എന്നാൽ സാഹിത്യാദി കലകൾ ഇഷ്ടമല്ലാതിരുന്നിട്ടോ എന്തോ ഒരധ്യാപകൻ "നീ അങ്ങനെ വലിയൊരു കഥാ കാരിയൊന്നുമാകേണ്ട" എന്നാക്രോശിച്ച് ബെഞ്ചിനു മുകളിൽ നിർത്തിയ കാര്യവും അമ്പത്തിയഞ്ചുകാരിയായ രാധയുടെ അകത്തളത്തിൽ വേദനയായി പിടയുന്നു.



**കാ**സറഗോഡ് ഗവൺമെന്റ് കോളേജിലെ പഠന കാലമാണ് രാധയുടെ സാഹിത്യ ലോകത്തേക്കുള്ള പ്രയാണ ത്തിന്റെ വഴിത്തിരിവ്. കോളേജിലെ അക്കാലത്തെ എല്ലാ പ്രസിദ്ധീകരണങ്ങളിലും രാധയുടെ കൈയ്യൊപ്പ് കഥയുടെ രൂപത്തിലോ കവിതയുടെ രൂപത്തിലോ പതിഞ്ഞിട്ടുണ്ട്. കേരളത്തിലെ അറിയപ്പെടുന്ന നിരൂപകനും, സാഹിത്യകാരനും, കാസറഗോഡ് ഗവൺമെന്റ് കോളേജ് അധ്യാപകനുമായ ശ്രീ ഇബ്രാഹിം ബേവിഞ്ച സാഹിത്യകാരിയിലേക്കുള്ള വളർച്ചയിൽ രാധയ്ക്ക് ഏറെ ഗുണകരമായി വർത്തിച്ചിട്ടുണ്ട്.



**വ**ഴിയോരക്കാഴ്ചകൾ, കഥയുടെ വഴികൾ, നോവിന്റെ നേർകാഴ്ച, ധന്യ നിമിഷം, ഈയ്യാം പാറ്റയുടെ ചിറക് എന്നീ കൃതികൾ സാഹിത്യ ലോകത്ത് സംഭാവന ചെയ്ത രാധ ബേഡകം നിരവധി ആനുകാലികങ്ങളിൽ സ്ഥിരമായി എഴുതുന്നു. തുളുനാട് കവിതാ പുരസ്കാരം, കലാക്ഷേത്ര കവിതാ പുരസ്കാരം, മലേഷ്യൻ മലയാള സൗഹൃദ വേദിയു ടെ ആദരം എന്നിവ രാധയെ തേടിയെത്തിയിട്ടുണ്ട്. നോവിന്റെ നേർക്കാഴ്ച്ച എന്ന കവിതയെ കേരളസാഹിത്യ അക്കാദമി മികച്ച കവിതയായി കണ്ടെത്തി പ്രശംസിക്കുകയുണ്ടായി. തീഷ്ണമായ ജീവിത സാഹചര്യങ്ങളാണ് രാധ എന്ന സാഹിത്യകാരിയെ രൂപപ്പെടുത്തിയത്. അതു കൊണ്ട് തന്നെ ഇവർ സൃഷ്ടിച്ച മിക്കവാറും കഥാപാത്ര ങ്ങളിലും ഈ തീഷ്ണമുഖം പ്രതിഫലിച്ചിട്ടുമുണ്ട്.



**യാ**ത്ര ഏറെ ഇഷ്ടപ്പെടുന്ന സാഹിത്യകാരിയാണ് രാധ ബേഡകം. ഓരോ മാസവും ഒരു യാത്രയെങ്കിലും നട ത്തുന്ന പതിവുണ്ട് ഈ സാഹിത്യകാരിക്ക്. ആറ് വിദേശ രാജ്യങ്ങൾ ഇതിനോടകം സന്ദർശിച്ചു. ഉൾനാടൻ ഗ്രാമങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് നേർസാക്ഷ്യം വഹിച്ച് തന്റെ

തൂലികയിലൂടെ അവ വായനക്കാരിലേക്കെത്തിക്കാൻ ഈ സാഹിത്യകാരി നടത്തുന്ന ശ്രമം പ്രത്യേകം എടുത്തു പറയേണ്ട ഒന്നാണ്.

ഗുജറാത്തിലെ മറൈൻ ഡ്രൈവിലൂടെ നടക്കുമ്പോൾ ഭ്രാന്തിയെ പോലൊരു സ്ത്രീ അടുത്ത് വന്നതും വെള്ളത്തിനായി തിടുക്കം കൂട്ടിയതും രാധ ഓർമിക്കുന്നു. ഒമ്പത് മാസം പ്രായമായ തന്റെ പെൺകുഞ്ഞിനെ നരാധമന്മാരായ ചിലർ കാമവികാരത്തിന് അടിമപ്പെടുത്തി ഇരുട്ടിന്റെ മറവിൽ ചിതറി തെറിപ്പിച്ചപ്പോൾ
ഏതമ്മയാണ് ഭ്രാന്തിയാകാത്തത് ? ചോരയിൽ പൊതിഞ്ഞ പുതപ്പിൽ കിടത്തിയ ഈ കുഞ്ഞിനെയും പത്തു മാസം പേറി നൊന്തു പ്രസവിച്ച അമ്മയേയും പ്രമേയമാക്കി രാധ രചിച്ച കവിതയാണ് നോവിന്റെ നേർക്കാഴ്ച.



**ജ**നിച്ച് മൂന്ന് മാസത്തിനുള്ളിൽ തന്നെ അമ്മയെ നഷ്ടപ്പെട്ട രാധ വളരെ നിസ്സഹായ സാഹചര്യങ്ങളിലൂടെ വളർന്നാണ് ഈ നിലയിൽ എത്തിയത്. മറ്റുള്ളവരുടെ സഹതാപം ആഗ്രഹിക്കാതെ അത് ഇഷ്ടപ്പെടാതെ ജീവിതം സ്വന്തം ഇച്ഛാശക്തികൊണ്ട് ശക്തമായി കെട്ടിപ്പടുത്ത ഇത്രയും ധീരയായ ഒരു സാഹിത്യകാരി മലയാ ളത്തിൽ മറ്റാരെങ്കിലുമുണ്ടോ എന്നതു തന്നെ സംശയമാണ്.

**ചെ**റുപ്പത്തിൽ ബാധിച്ച ഒരസുഖത്തിൽ മരിച്ചെന്ന് ഭിഷഗ്വരന്മാർ വിധിയെഴുതിയപ്പോൾ ദൈവദൂതുമായെത്തിയ മാലാഖയാണ് രാധക്ക് ജീവൻ തിരിച്ചു നൽകാൻ ഇടയാക്കിയത്. നേരിയ ഹൃദയസ്പന്ദനം ബാക്കിയുണ്ടെന്ന് തിരിച്ചറിഞ്ഞ ആ മാലാഖയാണ് രാധ എന്ന സാഹിത്യകാരിയുടെ യഥാർത്ഥ ദൈവം.

**സ്കൂ**ളിൽ പഠിക്കുമ്പോൾ ബാലരമക്ക് അയച്ച് കൊടുത്ത ഒരു കവിത അതേ രൂപത്തിൽ അടിച്ചു വന്നതും അത് തന്റെ സാഹിത്യ ജീവിതത്തിലുണ്ടാക്കിയ സന്തോഷവും വർണിക്കാൻ രാധയ്ക്ക് ഇന്നും വാക്കുകളില്ല. അന്നു മുതൽ തന്റെ കൺമുന്നിലെത്തുന്ന ഏതൊരു കാര്യവും കവിതയാക്കുന്നൊരു ശീലമാണ് ഈ സാഹിത്യക്കാരിക്കുള്ളത്.

വൃത്ത നിബദ്ധമായി കവിതയെഴുതുന്ന ശീലമാണ് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നതെങ്കിലും താളബോധത്തിന നുസരിച്ചാണ് ഇന്ന് കവിതൾ രചിക്കുന്നത്. അടുത്ത കാലത്ത് കേരളം കണ്ട സമാനതകളില്ലാത്ത പ്രളയം മിണ്ടാപ്രാണികളുടേതടക്കം ജീവിതം നരകതുല്യമാക്കിയപ്പോൾ കൂടപ്പിറപ്പുകളുടെ ദുരിതം തീവ്രത ഒട്ടും ചോരാതെ കഥകളിലൂടെയും കവിതകളിലൂടെയും ഒപ്പിയെടുത്ത് ലോകസമക്ഷം അവതരിപ്പിച്ച സാഹിത്യകാരിയാണിവർ.



**കാ**സറഗോഡ് ചെങ്കളയിലെ ഇ കെ നായനാർ സ്മാരക സഹകരണ ആശുപത്രിയിൽ കഴിഞ്ഞ പതിനാലു വർഷമായി ജോലി ചെയ്യുന്ന ശ്രീമതി രാധ, ഭർത്താവ് ശ്രീ വി വി ബാലകൃഷ്ണന്റെയും മകൻ നിധീഷ് കുമാറിന്റേയും കൂടെ ബേഡകത്താണ് താമസം. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ നിലകൊള്ളാൻ തന്നെ കാണാനെത്തിയ കുട്ടികളോടാഹ്വാനം ചെയ്ത ശ്രീമതി രാധ "വിദ്യാലയം പ്രതിഭകളോടൊപ്പം" പരിപാടിയിലുണ്ടായ അനുഭവങ്ങളെ ഇതിവൃത്തമാക്കി അടുത്തുതന്നെ കവിത വിരിയിക്കുമെന്നും കുട്ടികളോട് പറഞ്ഞു. രണ്ട് കവിതാ സമാഹാരങ്ങൾ സ്കൂൾ ഗ്രന്ഥാലയത്തിനു കൈമാറി അധ്യാപകരോടും വിദ്യാർത്ഥികളോടും യാത്ര പറഞ്ഞപ്പോൾ എന്തെന്നില്ലാത്ത സ്നേഹവും ബഹുമാനവും ആദരവും മനസിൽ പതിഞ്ഞതിന്റെ സന്തോഷത്തിലായിരുന്നു കുട്ടികൾ. "വിദ്യാലയം പ്രതിഭകൾക്കൊപ്പം" എന്ന ആശയത്തിന്റെ പിന്നിൽ പ്രവർത്തിച്ചവർക്കെല്ലാം നന്ദി പറയുന്നുണ്ടായിരുന്നു നിറഞ്ഞ ഹൃദയത്തോടെ ...



**ജീവചരിത്രം**

## ബന്തടുക്കയുടെ മുത്ത്

**1**967 ഒക്ടോബർ 20 ന് കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ ടി ജെ തോമസിന്റേയും ത്രേസ്യാമ്മയുടേയും ഏഴ് മക്കളിൽ ആറാമത്തെ സന്തതിയായാണ് ജനനം. "ആശാൻ" എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന ടി ജെ തോമസ് പ്രഗത്ഭനായ ഒരു കർഷകനും അറിയപ്പെടുന്ന ബാന്റ് മേളക്കാരനും ഭൂസർവ്വേയറുമായിരുന്നു. ത്രേസ്യാമ്മയിൽ ഇദ്ദേഹത്തിന് അഞ്ച് ആൺമക്കളും രണ്ട് പെൺമക്കളുമായാണുണ്ടായിരുന്നത്.



**ജ**നനം കോഴിക്കോട് ജില്ലയിലായിരുന്നുവെങ്കിലും പഠിച്ചതും വളർന്നതും കാസറഗോഡ് ജില്ലയിലാണ്. 1972 ൽ കരിവേടകം സെന്റ് മേരീസ് എൽ പി സ്കൂളിൽ നിന്നാണ് വിദ്യാഭ്യാസത്തിന്റെ തുടക്കം

കുറിച്ചത്. 19776 ൽ ലോവർ പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനായി കരിവേടകം എ യു പി എസിൽ ചേർന്നു. പിന്നീട് ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂളിൽ പ്രവേശിച്ച

സിബിൾ 1982 ൽ എസ് എസ് എൽ സി പാസായി. തുടർന്ന് പാലക്കാട് മേഴ്സി കോളേജിൽ പ്രീ ഡിഗ്രി പഠനത്തിനായി ചേർന്നു. 1984 ൽ പ്രീ ഡിഗ്രി പാസായി കായികാധ്യാപികയാകാനുള്ള മോഹവും പേറി കോഴിക്കോട് കായികാധ്യാപക പരിശീലന കോളേജിൽ സി പി എഡിന് ചേർന്നു.

1986 ൽ സി പി എഡ് പൂർത്തീക രിച്ച് ബളാന്തോട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആദ്യ മായി സർക്കാർ ജോലിയിൽ പ്രവേശിച്ചു. പിന്നീടങ്ങോട്ട് ബേത്തൂർപ്പാറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, രാവണേശ്വരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, അമ്പലത്തറ ഗവൺമെന്റ് വൊക്കേഷ ണൽ ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലും താത്ക്കാലിക അധ്യാപികയായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1989 ൽ വയനാട് ജില്ലയിലെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിലും അധ്യാപികയായി.



1990 ലാണ് പി എസ് സി വഴി കായികാധ്യാപികയായി സ്ഥിരനിയമനം ലഭിച്ചത്. പള്ളിക്കര ഗവൺമെ ന്റ് മുസ്ലീം യു പി സ്കൂളിലായിരുന്നു ആദ്യ നിയമനം. 1992 ൽ ബേത്തൂർപ്പാറ ഗവൺമെന്റ് ഹയർ സെക്കന്റ റി സ്കൂളിലേക്ക് സ്ഥലംമാറ്റം ലഭിക്കുകയും നീണ്ട 22 വർഷം അവിടെ കായികാധ്യാപികയായി തുടരുകയും ചെയ്തു. 2015 ജൂലൈ 31 ന് മതിയായ എണ്ണം കുട്ടികളില്ലെന്ന് പറഞ്ഞ് മാലോത്ത് കസബ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലേക്ക് ടീച്ചറെ സ്ഥലം മാറ്റി. ബേത്തൂർപ്പാറയിലെ ഓരോ മൺത്തരിയേയും സ്വജീവിതത്തിലേക്ക് ആവാഹിച്ച് കായികാധ്യാപക ജീവിതം അർത്ഥപൂർണ്ണമാക്കിയിരുന്ന സിബിൾ ടീച്ചറിന് സ്ഥലംമാറ്റം ഉൾക്കൊള്ളാനായില്ല. തുടർന്ന് മാലോത്ത് കസബയിൽ പ്രവേശിച്ചയുടൻ നീണ്ട ഒരു വർഷത്തെ അവധിയിൽ പ്രവേശിച്ചു. 2016 ൽ കുണ്ടംകുഴി സർക്കാർ ഹയർ സെക്കന്ററി സ്കൂളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതുവരെ അവധി തുടർന്നു. ഇപ്പോഴും കുണ്ടംകുഴി സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ തുടരുന്നു. 2021 ൽ റിട്ടയർ ചെയ്യുന്നതുവരെ അവിടെ തന്നെ തുടരണമെന്നാണ് ടീച്ചറുടെ ആഗ്രഹം.

**പ്രൈ**മറി സ്കൂളിൽ പഠിക്കുമ്പോൾ കരിവേടകം എ യു പി എസിൽ ഇംഗ്ലീഷ് പഠിപ്പിച്ച ജയന്തൻ മാഷാണ് സിബിൾ എന്ന കുട്ടിയിൽ ഒരു കായികതാരം ഒളിച്ചിരിപ്പുണ്ടെന്ന് കണ്ടെത്തിയത്. മാഷിന്റെ ആ കണ്ടെ ത്തലാണ് ടീച്ചറുടെ ജീവിതത്തിൽ പിന്നീട് വഴിത്തിരിവായതും. കായിക ഇനങ്ങളിൽ അതീവ താൽപ്പ ര്യം പ്രകടിപ്പിച്ചിരുന്ന സിബിളിന് അതേപോലെ വഴിക്കാട്ടിയായി പ്രവർത്തിച്ച മറ്റുള്ളവർ സ്വന്തം സഹോദരനും ബന്തടുക്ക ഗവൺമെന്റ് ഹയർ സെക്കന്ററിയിലെ മുൻ

കായികാധ്യാപകനുമായ അന്തരിച്ച സ്റ്റാൻലി മാഷും, കുണ്ടംകുഴി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ മുൻ കായികാധ്യാ പകനായ അന്തരിച്ച രാധാകൃഷ്ണൻ മാഷും ആയിരുന്നു. ചെറുപ്പം തൊട്ട് ഇരുവരും സിബിളിനെ കായിക ലോകത്തേക്ക് കൈപിടിച്ച് നടത്തിയ ചരിത്രം ഇന്നെലയിലെ ഓർമ്മയായി സിബിൾ ടീച്ചർ മനസ്സിൽ സൂക്ഷിക്കുന്നു.

**പ്രൈ**മറി ക്ലാസ് മുതൽ ആരംഭിച്ച കായികാഭിനിവേശം ചെറുതും വലുതുമായ നിരവധി നേട്ടങ്ങൾ കൊയ്തെടുക്കാൻ ടീച്ചറിന് പ്രചോദനമായി. ടീച്ചർക്ക് ലഭിച്ചിട്ടുള്ള അനേകം മെഡലുകളും

മംഗളപത്രങ്ങളും ഗതകാലത്തിന്റെ സ്മരണകളുണർത്തി സ്വീകരണ മുറിയിലേക്ക് സന്ദർശകരെ സ്വാഗതം ചെയ്യുന്നു.



**ചെ**റുപ്പം മുതൽ 1982 ൽ ജൂനിയർ ലോംഗ് ജമ്പിൽ സ്റ്റേറ്റ് മീറ്റ് റിക്കാർഡ് സൃഷ്ടിച്ചതും തുടർന്ന് ആകാശ വാണിയിൽ പേര് പ്രക്ഷേപണം ചെയ്ത് കേട്ടതും പത്തരമാറ്റിന്റെ പവിത്രതയോടെ ഇന്നും മനസ്സിൽ താലോലിക്കുന്ന ഓർമ്മകളിലൊന്നാണ്. തുടർന്ന് ദേശീയ മീറ്റിൽ പങ്കെടുത്ത് തിരിച്ചുവന്നപ്പോൾ അവിഭക്ത കുറ്റിക്കോൽ ബേഡകം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുകൂടിയായിരുന്ന മുൻ എം എൽ എ ശ്രീ പി രാഘവൻ മുൻകൈ എടുത്ത് 200 രൂപ പ്രത്യേക പാരിതോഷികം പഞ്ചായത്തിന്റെ വകയായി കൈമാറിയതും സ്നേഹനിധിയായ ടീച്ചർ നന്ദിയോടുകൂടി ഓർക്കുന്നു.

**റെ**യിൽവേയിലും പോലീസിലും ഉയർന്ന ജോലി ലഭിച്ചിട്ടും അധ്യാപക വൃത്തി തെരഞ്ഞെടുക്കാൻ കാരണമെന്തെന്ന കുട്ടികളുടെ ചോദ്യത്തിന് ടീച്ചറുടെ മറുപടി ഏറെ ചിന്തിപ്പിക്കുന്ന ഒന്നായിരുന്നു. "വിദൂരത്തിൽ സ്വന്തക്കാരേയും ബന്ധക്കാരേയും വിട്ട് പെൺകുട്ടികൾ ഇത്തരം ജോലികൾക്ക് പോകുന്നത് അച്ഛനമ്മമാർക്ക് സ്വീകാര്യമല്ലാതിരുന്നതു കൊണ്ടും തന്റെ കഴിവ് വരും തലമുറയ്ക്ക് പകുത്ത് നൽകാൻ അധ്യാപകവൃത്തിയോളം വരുന്ന മറ്റൊരു തൊഴിലും ഇല്ലെന്ന ചിന്തയും" എന്നതായിരുന്നു ആ മറുപടി.



**ടീ**ച്ചറുടെ ഔദ്യോഗിക ജീവിതത്തിൽ ഏറ്റവും സന്തോഷമുണ്ടാക്കിയതും ദുഖമുണ്ടാക്കിയതുമായ ഓരോ സംഭവങ്ങളെ കുറിച്ചാരാഞ്ഞപ്പോൾ പറഞ്ഞതാവട്ടെ താൻ പരിശീലനം നൽകിയ മണികണ്ഠൻ എന്നൊരു കുട്ടി സ്റ്റേറ്റ് മീറ്റിൽ ജാവലിൻ ത്രോയിലൂടെ കാസറഗോഡ് ജില്ലക്ക് വേണ്ടി ഏക പോയന്റ് നേടിക്കൊടുത്ത കാര്യത്തെ കുറിച്ചും ബേഡൂർപ്പാറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നിന്നും അങ്ങകലെ മാലോത്ത് കസബയിലേക്ക് ആവശ്യപ്പെടാതെ സ്ഥലം മാറ്റിയതുമായ രണ്ട് കാര്യങ്ങളെ കുറിച്ചായിരുന്നു.

**കു**ടുംബത്തിലെ മൂന്ന് പേർ കായികാധ്യാപകരായി പ്രശസ്തമായതാണ് ടീച്ചറിന്റെ ജീവിതത്തിലെ മറ്റൊരു സവിശേഷത. സ്റ്റാൻലി തോമസ്, ബാബു തോമസ് എന്നീ സഹോദരങ്ങളാണ് മറ്റ് രണ്ട് പേർ. ഇവരിൽ സ്റ്റാൻലി തോമസ് ഇന്ന് ജീവിച്ചിരിപ്പില്ല. ബാബു തോമസ് ബന്തടുക്ക ഹയർ സെക്കന്ററി സ്കൂളിൽ ജോലി ചെയ്യുന്നു.



**ക**രിവേടകം ഗ്രാമത്തിലെ തങ്കയത്തടുക്കത്ത് താമസിക്കുന്ന സിബിൾ ടീച്ചറിന്റെ ഭർത്താവ് കർഷക നായ ജോസ് അഗസ്റ്റിനാണ്. മികച്ച കർഷകൻ എന്ന നിലയിൽ ഇദ്ദേഹത്തിന് ആത്മാ അവാർഡ് ലഭിച്ചിട്ടുണ്ട്. കുറച്ച് കാലം ഗൾഫിലും ജോലി ചെയ്തിരുന്നു. രണ്ട് ആൺ മക്കളാണുള്ളത്. ചെന്നൈയിൽ കെമിക്കൽ എഞ്ചിനിയറായി സേവനം അനുഷ്ഠിക്കുന്ന മൂത്തയാളും, കാനഡയിൽ പഠിക്കാൻ തയ്യാറെടു ക്കുന്ന ബി കോം ബിരുദധാരിയായ രണ്ടാമനുമാണവർ. അമ്മയെപോലെ കായിക മേഖല ഏറെ ഇഷ്ടപ്പെടുന്നവരാണ് ഇരുവരും. അച്ഛന്റെ സഹോദരിമാരായ ഷൈനി വർഗീസ്, അനിതാ ചാണ്ടി, ഷാജു എന്നിവർ കൂടി കായിക മേഖലയിലെ പേരെടുത്ത് വ്യക്തിത്വങ്ങളാണെന്ന സത്യമറിയുമ്പോൾ ഈ കുടുംബത്തിന്റെ കായിക മഹിമയുടെ തിളക്കവും മാറ്റും വർദ്ധിക്കുന്നു.

************

**ജീവചരിത്രം**

# പി വി സുകുമാരൻ എന്ന ഭൗമശാസ്ത്രജ്ഞൻ

**കാ**സറഗോഡ് ജില്ലയിലെ മുന്നാട് പെരിങ്ങാനം എന്ന ഉൾനാടൻ ഗ്രാമത്തിൽ 1950 ൽ ശ്രീ പി വി അമ്പുവി ന്റേയും ശ്രീമതി പി വി മാണിയുടേയും ഏഴ് മക്കളിൽ നാലാമനായി ഒരു സാധാരണ കർഷക കുടുംബത്തിലാണ് ശ്രീ പി വി സുകുമാരൻ എന്ന ഭൗമശാസ്ത്രജ്ഞന്റെ ജനനം. 1962 ൽ എ യു പി എസ് മുന്നാട് നിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയതിന് ശേഷം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ഇരിയണ്ണി സർ ക്കാർ സ്കൂളിൽചേർന്നു. റോഡ് മാർഗങ്ങളൊന്നും ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ നിബിഡമായ വനത്തിലൂടെ നടന്ന് പ്രക്ഷുബ്ധമായ പയസ്വിനിപുഴ നീന്തികടന്നായിരുന്നു അദ്ദേഹം ഇരിയണ്ണി സ്കൂളിൽ എത്തിയിരുന്നത്.



**ഒ**രുപാട് വേദനകളും കഷ്ടപാടുകളും നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം. 1965 ൽ ഫസ്റ്റ് ക്ലാസോടു കൂടി സ്കൂളിൽ ഒന്നാമനായി എസ് എസ് എൽ സി പാസായി. മുളിയാർ പഞ്ചായത്ത് അനുമോദനം ഏർപ്പെടുത്തുകയും അനുമോദന ചടങ്ങിൽ പാരിതോഷികമായി 100 രൂപ നൽകുകയും ചെയ്തു. അതിന് ശേഷം പ്രീ ഡിഗ്രി പഠനത്തിനായി കാസറഗോഡ് ഗവൺമെന്റ് കോളേജിൽ ചേരുകയും 1967 ൽ മികച്ച മാർക്കോടെ പ്രീ ഡിഗ്രി പാസാകുകയും ചെയ്തു. തുടർന്ന് പ്രസ്തുത കോളജിൽ നിന്നും തന്നെ 1970 ൽ ഒന്നാം റാങ്കോടു കൂടി ഭൂഗർഭശാസ്ത്രത്തിൽ ബിരുദവും സമ്പാദിച്ചു. ഈ നേട്ടത്തിന് അദ്ദേഹം അന്നത്തെ ഗവർ ണറായിരുന്ന ശ്രീ പി വിശ്വനാഥനിൽ നിന്ന് ഏറ്റവും മികച്ച വിദ്യാർത്ഥിക്കുള്ള സ്വർണ മെഡൽ കരസ്ഥമാക്കി. അദ്ദേഹത്തിന്റെ ജീവിതത്തിൽ മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു അത്.

ഭൂഗർഭശാസ്ത്രത്തെ കുറിച്ചും ഉന്നത വിദ്യാഭ്യാസത്തെ കുറിച്ചും വലിയ അറിവൊന്നും ഉണ്ടായിരുന്നില്ലാത്ത ആ കാലത്ത് പി വി സുകുമാരൻ ജിയോളജിസ്റ്റാകാനുള്ള മോഹവും പേറി മധ്യപ്രദേശിലെ സാഗർ സർവ്വകലാശാലയിൽ 1970 ൽ എം ടെക്കിന് പ്രവേശനം നേടി. സർവ്വകലാശാലകൾ വളരെ വിരളമായിരുന്ന ആ

കാലഘട്ടത്തിൽ ഇൻഡ്യയിലെ ഏറ്റവും പ്രശസ്തമായ സാഗർ സർവ്വകലാശാലയിൽ പ്രവേശനം ലഭിച്ചത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി മാറി. മികച്ച ഭൗമശാസ്ത്രജ്ഞനിലേക്കുള്ള പി വി സുകുമാരന്റെ വളർച്ചയുടെ നാഴികക്കല്ലായിരുന്നു ഈ സർവ്വകലാശാല. ഡോ ഡബ്ല്യു ഡി വെസ്റ്റ് എന്ന ബ്രിട്ടീഷ് ജിയോളജിസ്റ്റായിരുന്നു അന്ന് സാഗർ സർവ്വകലാശാലയുടെ തലവൻ. അദ്ദേഹം എന്നും സുകുമാരന് ഒരു വഴികാട്ടിയായി കൂടെ നിന്നു. അങ്ങനെ 1973 ൽ ഡിസ്റ്റിംഗഷനോട്ടുകൂടി, സർവ്വകലാശാലയിൽ രണ്ടാമനായി എം ടെക്ക് പഠനവും പൂർത്തീകരിച്ചു.



1973 ൽ അദ്ദേഹം യു പി എസ് സി നടത്തുന്ന അഖിലേന്ത്യാ ജിയോളജിസ്റ്റ് പരീക്ഷയിൽ ഒന്നാം റാങ്കോടു കൂടി തെരഞ്ഞെടുക്കപ്പെട്ടു. ഇൻഡ്യയിൽ പെട്രോളിയം, ധാതുക്കൾ തുടങ്ങി ഭൗമസബന്ധമായ എല്ലാ പര്യവേഷണങ്ങളും നടത്തുന്ന ഈ പ്രശസ്ത സ്ഥാപനാമണ് ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ. ഈ സ്ഥപനത്തിൽ ജോലിയിൽ ചേരുക എന്നത അദ്ദേഹത്തിന്റെ ജീവിതലക്ഷ്യങ്ങളില് ഒന്നായിരുന്നു. അങ്ങനെ 1974 ൽ അദ്ദേഹം തിരുനവന്തപുരം ജി എസ് ഐ യിൽ ഭൂഗർഭശാസ്ത്രജ്ഞനായി നിയമിതനായി. അതോടൊപ്പം തന്നെ കുറച്ചു കാലം കൊച്ചിൻ സർവ്വകാലാശാലയിൽ അധ്യാപകനായും സേവനം അനുഷ്ഠിക്കുകയുണ്ടായി. തുടർന്നങ്ങോട്ട് ഹൈദരാബാദ്, ഷില്ലോംഗ്, പൂനെ, നാഗ്പൂർ, മംഗലാപുരം തുടങ്ങിയ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിക്കുകയും അറിയപ്പെടുന്ന ഒരു ശാസ്ത്രജ്ഞനായി അദ്ദേഹം വളർന്നു വരികയും ചെയ്തു.



**2**009 മെയിൽ മംഗലാപുരം ജി എസ് ഐ യിൽ ഡെപ്യൂട്ടി ഡയരക്ടർ ജനറലായി നിയമിതാനകുകയും മറൈൻ കോസ്റ്റൽ സർവ്വെയുടെ തലവനായി തുടരുകയും ചെയ്തു. 2010 ഏപ്രിലിൽ ആ സ്ഥാനത്തു നിന്നും അദ്ദേഹം വിരമിച്ചു. നീണ്ട 36 വർഷം അദ്ദേഹം രാജ്യത്തെ സേവിക്കുയുണ്ടായി. ഒരു പ്രഗത്ഭ ഭൗമശാസ്ത്രജ്ഞൻ എന്ന നിലയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങൾ സഞ്ചരിച്ച് ഭൂഗർഭ ശാസ്ത്ര ശാഖയ്ക്ക് ഒരുപാട് നൂതനമായ അറിവു കൾ പകർന്ന് നൽകാൻ അദ്ദേഹത്തിന് സാധിച്ചു. അറബിക്കടലിൽ ഒരുപാട് പര്യവേഷണങ്ങൾ നടത്താനും അനവധി ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ നടത്താനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. പൂനയിലെ അക്കാദമിക്ക് കൗൺസിൽ ഓഫ് ജിയോളജിയിൽ അംഗമായും അദ്ദേഹം ഏറെക്കാലം പ്രവർത്തിച്ചിരുന്നു. നിരവധി ജേർണലുകളിലും പ്രസിദ്ധീകരണങ്ങളിലും ഗവേഷണകുറിപ്പുകൾ അദ്ദേഹത്തിന്റെതായിട്ടുണ്ട്. യു പി എസ് സി യുടെ ജി എസ് ഐ റിക്രൂട്ട്മെന്റ് ബോർഡ് അംഗമായും ഏറെക്കാലം പ്രവർത്തിച്ചിട്ടുണ്ട്. ഒരുപാട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോഴും അദ്ദേഹം ക്ലാസുകൾ കൈകാര്യം ചെയ്തുകൊണ്ടേയിരിക്കുന്നു.



**പി** വി സുകുമാരൻ എന്ന ഭൗമശാസ്ത്രജ്ഞന്റെ ജീവിതം തീർച്ചയായും വളർന്നുവരുന്ന തലമുറയ്ക്ക് ആവേശം പകരുന്നത് തന്നെയാണ്. കഠിനാധ്വാനവും ഉറച്ച തീരുമാനവും അർപ്പണ മനോഭാവവും ഉണ്ടെങ്കിൽ എല്ലാ പ്രതികൂല സാഹചര്യങ്ങളേയും അനുകൂലമാക്കി ഉയരങ്ങൾ കീഴടക്കാം എന്ന വലിയ പാഠമാണ് ശ്രീ പി വി സുകുമാരന്റെ ജീവിതം നമുക്ക് പകർന്ന് നൽകുന്നത്. ഭൂഗർഭശാസ്ത്രശാഖയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾ നിസ്തുലമാണ്, അത് എന്നെന്നും സ്മരിക്കപ്പെടും.



കവിത

ഷാഹിദ

എട്ട് എ

# ഭൂമിയുടെ വിളികൾ



അമ്മയാം ദൈവമാം
ഗുരുനാഥനാം
ഭൂമി ഇന്നിതാ
ദുഃഖത്തിലാഴ്ന്നിറങ്ങി.
മരമല്ല കുന്നില്ല പുഴയില്ല
കാടില്ല
ഒന്നുമില്ല
ഞാനെന്തിനിവിടെ.
ആരോരുമില്ല തണലുമില്ല
ഒന്നുമില്ല ഞാനെന്തിനിവിടെ.
കഠിനമാം വിഷമായ ക്രൂരമനുഷ്യർ
കൊല്ലുന്നു എന്നെ പലരീതിയിൽ
ഒന്നുമില്ലൊന്നുമില്ലാതെ
നരകമാംതീജ്വാലയാണെന്റെ ചുറ്റും.
പച്ചവിരിച്ചിട്ട് സൗന്ദര്യമാകുമെൻ
വയലിതാ അവരിന്ന് ഇല്ലാതെയാക്കി
വിളിയാണ് വിളിയാണ് എന്നും
വിളിയാണ് കരകയറ്റാമോ?
എന്നൊരു ചോദ്യമായ്.
എൻ വിളികൾ കാതോർത്ത്
കേൾക്കാത്ത അവരിന്ന് നെട്ടോട്ടമാണിന്ന്
എന്നെ കൊല്ലാൻ.
പറയുന്നു പലവട്ടം
ഇല്ലാതെയാക്കാതിരുന്നു കൂടെ
താങ്ങും തണലും ബലവുമായി
നിൽക്കുന്നു ഞാനിതാ മനുഷ്യാ
കേണപേക്ഷിക്കുന്നു ഒന്നുവിടാൻ

എന്നെയിന്നിവിടെ സന്തുഷ്ടനാവാൻ
അല്ല ഞാൻ നിന്നോട് കേണപേക്ഷിച്ചത്
മക്കളാം നിങ്ങളെ നെഞ്ചോട്
ചേർത്തിട്ട് ലാളിച്ച് പൊന്നിച്ച് ഓമനിക്കാൻ.
ദുഃഖങ്ങൾ പലവട്ടം ഉരിയാടിയിട്ടിതാ
എൻ രക്തമാം വെള്ളമങ്ങില്ലാതെയായി.
അപേക്ഷിച്ചപേക്ഷിച്ചപേക്ഷിച്ചിതാ
മനുഷ്യ വർഗങ്ങളൊന്നുമില്ലെന്റെ മുമ്പിൽ
ഒന്നുമില്ലാതെ ഞാനെന്തിനിവിടെ
സഹികെട്ടു മതികെട്ടു നിർത്തുന്നിതാ



വേവലാതികൾ പറഞ്ഞ്
നിർത്തുന്നിതാ!
മനുഷ്യനാം ക്രൂരാ! നീ
എന്താണ്
ഇന്നെനിക്കിങ്ങ് തരും
അമ്മയാം ഭൂമിയെ
നശിപ്പിക്കുവാനായ്

പലരുണ്ട് പലരുണ്ട് ഇന്നിവിടെ.
അരുതേ... അരുതേ... എന്ന്
പലവട്ടം മൂളുമ്പോൾ എതിർത്തു
പറയുവാൻ ആയിരം പേർ
വയലില്ല കാടില്ല പുഴയില്ല മരമില്ലാ
സൗന്ദര്യമേ ഇന്നെൻ ഭൂമിക്കില്ലാ..
തേങ്ങിക്കരഞ്ഞു കൊണ്ടെന്നമ്മ
ഇനിയും നാളുകൾ നിൽക്കാൻ
**പ്രാർത്ഥിക്കും ഞാൻ ...**


************

## ഓർമകൾ അയവിറക്കാൻ ...



# കാഴ്ച്ചപാടിന്റെ വരകൾ






Abhinand c







## ഗുരുനാഥയോടൊപ്പം ...

